# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെമ്പായം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1675/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 01/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെമ്പായം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1675/2023 തീയ്യതി: 01/12/2023

**തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 52 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലതകുമാരി .എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ശ്രീദേവി. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. എസ്.കെ. ശ്രീജിത്ത് ,സീനിയർ ഗ്രേഡ് ഓഡിറ്റർ (419889)

ശ്രീ. അഖിൽരാജ് .ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീന ജയൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.റഫീഖ്.ബി | സെക്രട്ടറി | 01-04-2022 | 07-06-2022 |
| ശ്രീ. സുരേഷ് ബാബു .എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-06-2022 | 13-06-2022 |
| ശ്രീ.റഫീഖ്.ബി | സെക്രട്ടറി | 14-06-2022 | 03-07-2022 |
| ശ്രീ. സുരേഷ് ബാബു .എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2022 | 18-07-2022 |
| ശ്രീ.റഫീഖ്.ബി | സെക്രട്ടറി | 19-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ .സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സ്പിനോള | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ആവിസ് ഫിലിപ്പ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ഹേമ ശേഖർ .ജെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.സിസിലിറ്റ് .കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ.ബിധു.ആർ. നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2022 | 14-11-2022 |
| ശ്രീമതി ബിനി .ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 (ചാർജ്) | 15-11-2022 | 27-01-2023 |
| ശ്രീമതി രമ്യ .എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 28-01-2023 | 31-03-2023 |
| ശ്രീ.ദിജു.എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2022 | 04-04-2022 |
| ശ്രീമതി ബിനി .ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 05-04-2022 | 31-03-2023 |
| ശ്രീമതി ദീപ്തി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീല | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി ശാന്തി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 11-09-2022 |
| ശ്രീ. മുരളി | അസിസ്റ്റന്റ് എഞ്ചിനിയർ | 12-09-2022 | 31-03-2023 |
| ശ്രീ.സുരേഷ് ബാബു.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി പത്മ കുമാരി .ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 07-05-2022 |
| ഒഴിവ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-05-2022 | 15-05-2022 |
| ശ്രീമതി അംബിക .എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചില്ല | 1-1-1 |
| 3 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-5 |
| 7 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | Stale Cheque തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-7 |
| 9 | വാർഷിക ധനകാര്യപത്രികയിൽ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിരിക്കുന്ന തുകയുടെ അക്കൗണ്ട് വിശദാംശങ്ങൾ ലഭ്യമല്ല | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | Prior Period തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല | 1-1-11 |
| 13 | തനത് വരവിന് ഡിമാന്റ് ഹെഡ് ഉൾപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 1-1-13 |
| 15 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-15 |
| 17 | ജേണൽ വൗച്ചറെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-16 |
| 18 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഹെഡ്ഡിൽ എല്ലാ തുകകളും ഉൾപ്പെട്ടിട്ടില്ല | 1-1-17 |
| 19 | വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-18 |
| 20 | ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല | 1-1-19 |
| 21 | ഡിസിബി സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല | 1-1-20 |
| 22 | ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല | 1-1-21 |
| 23 | MGNREGS-റീളപ്പ് ചെയ്യാനുള്ള അഡ്വാൻസ് തുകയിൽ അവ്യക്തത | 1-1-22 |
| 24 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | ബജറ്റ് അപാകങ്ങൾ | 1-2-1 |
| 27 | സാമ്പത്തിക വിശകലനം | 1-3 |
| 28 | ഗ്രാന്റ് വിനിയോഗം | 1-4 |
| 29 | പദ്ധതി അവലോകനം | 1-5 |
| 30 | ക്ഷേമപദ്ധതികൾ | 1-6 |
| 31 | സാമൂഹ്യ സുരക്ഷാ പെൻഷൻ– മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല | 1-6-1 |
| 32 | ക്ഷേമ പെൻഷൻ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-6-2 |
| 33 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 34 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 35 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 36 | മറ്റ് ഓഡിറ്റ് നത്തിയതിന്റെ വിവരം | 1-10 |
| 37 | വസ്തു നികുതി - അപാകതകൾ | 1-11 |
| 38 | വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്. | 1-11-1 |

| | | |
|---|---|---|
| 39 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല | 1-11-2 |
| 40 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല | 1-11-3 |
| 41 | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി - അപാകതകൾ | 1-11-4 |
| 42 | ദാരിദ്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ കെട്ടിടം - നികുതി ഒഴിവാക്കിയതിലെ അപാകത | 1-11-5 |
| 43 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല | 1-11-6 |
| 44 | സേവന ഉപനികുതി സാധ്യത പരിശോധിക്കാവുന്നതാണ് | 1-11-7 |
| 45 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചു | 1-11-8 |
| 46 | അനധികൃത കെട്ടിടങ്ങൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-11-9 |
| 47 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-11-10 |
| 48 | നിലവിലുള്ള കെട്ടിടത്തിന്റെ വിവരം സൈറ്റ് പ്ലാനും , സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-12 |
| 49 | കെട്ടിട നിർമ്മാണ പെർമിറ്റ്/റെഗുലറൈസേഷൻ സംബന്ധിച്ച അപാകതകൾ | 1-13 |
| 50 | എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് നല്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 51 | ലൈസൻസ് - അപാകതകൾ | 1-15 |
| 52 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല | 1-15-1 |
| 53 | എല്ലാ വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-15-2 |
| 54 | യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല | 1-15-3 |
| 55 | വാണിജ്യാവശ്യത്തിന് ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് സഞ്ചയയിൽ തെറ്റായ ഉപയോഗക്രമം | 1-15-4 |
| 56 | ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല | 1-15-5 |
| 57 | സർക്കാർ നിർദ്ദേശം - തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് | 1-15-6 |
| 58 | ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15-7 |
| 59 | സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ അപാകതകൾ | 1-16 |
| 60 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-17 |
| 61 | ലേലം സംബന്ധിച്ച അപാകതകൾ | 1-18 |
| 62 | തൊഴിൽ നികുതി -അപാകങ്ങൾ | 1-19 |
| 63 | തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 1-19-1 |
| 64 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-19-2 |
| 65 | സഹകരണ സംഘങ്ങൾ– തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുകയോ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല. | 1-19-3 |
| 66 | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 1-19-4 |
| 67 | ധനകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. | 1-19-5 |
| 68 | ഷോപ്പിംഗ് കോംപ്ലക്സ് റൂം വാടക – കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-20 |
| 69 | നികുതി/നികുതിയേതര വരവുകൾ - അവലോകനം | 1-21 |
| 70 | വെള്ളക്കരം-ബില്ലുകളിൽ പൊരുത്തക്കേട് | 1-22 |
| 71 | വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക വരുന്നത് ഒഴിവാക്കണം | 1-23 |
| 72 | തെരുവു വിളക്കു പരിപാലനം-അപാകങ്ങൾ | 1-24 |
| 73 | മരാമത്ത് പ്രവൃത്തികൾ അനിശ്ചിതമായി നീളുന്നു. | 1-25 |
| 74 | ഉപയോഗ ശൂന്യമായ വസ്തുക്കൾ കയ്യൊഴിയേണ്ടതാണ് | 1-26 |
| 75 | പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ധനസഹായം-അർഹമായ നിരക്കിൽ നല്കിയില്ല. | 1-27 |
| 76 | സ്പിൽ ഓവർ പ്രോജക്ടുകൾ -നടപ്പിലാക്കിയില്ല. | 1-28 |
| 77 | വീട് വാസയോഗ്യമാക്കൽ, ലൈഫ് ഭവന പദ്ധതി-രജിസ്റ്റർ സൂക്ഷിക്കുന്നതിൽ അപാകത | 1-29 |

| | | |
|---|---|---|
| 78 | പി.എച്ച്.സി. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ 21183/-രൂപ ഉപകരണങ്ങൾ ലഭ്യമാകുന്നതു വരെ തടസ്സപ്പെട്ടുത്തുന്നു | 1-30 |
| 79 | ഹരിതകർമ്മ സേനയ്ക്കായി ലഭ്യമാക്കിയ വാഹനം ഉപയോഗശൂന്യം- വാടക വാഹനം ഉപയോഗിക്കുന്നു. | 1-31 |
| 80 | പദ്ധതിനിർവ്വഹണം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-32 |
| 81 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. | 1-33 |
| 82 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-34 |
| 83 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 281150/- രൂപ നഷ്ടമായി | 1-35 |
| 84 | സർക്കാർ ഉത്തരവ് പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-36 |
| 85 | വാതിൽപ്പടി സേവനത്തിനുള്ള അക്കൗണ്ട് ആരംഭിച്ചതിനുള്ള രേഖ ലഭ്യമാക്കിയില്ല | 1-37 |
| 86 | ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭിക്കേണ്ട തുക നാളിതുവരെ ലഭിച്ചിട്ടില്ല | 1-38 |
| 87 | തനത് ഫണ്ടിലേയ്ക്ക് തുക മാറ്റിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ല | 1-39 |
| 88 | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-40 |
| 89 | സ്വകാര്യ വ്യക്തിയുടെ പേരിലുള്ള വസ്തുവിൽ പഞ്ചായത്ത് വക കെട്ടിടം സ്ഥിതി ചെയ്യുന്നു | 1-41 |
| 90 | ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ് | 1-42 |
| 91 | തൊഴിൽദായക സംരംഭങ്ങൾ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-43 |
| 92 | വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-44 |
| 93 | ഗ്രാമസഭ യോഗം - അവലോകനം | 1-45 |
| 94 | NREGS കരാർ ജീവനക്കാരുടെ സേവനപുസ്തക പരിപാലനം ക്രമപ്രകാരമല്ല | 1-46 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **11.07.23 ലെ 8(1)-ാം നം. ജനറൽ കമ്മിറ്റി** തീരുമാനം പ്രകാരം തയ്യാറാക്കി **7.08.23** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **വെമ്പായം ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **വെമ്പായം ഗ്രാമ പഞ്ചായത്തിന്റെ** 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9 (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസത്തിനകം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക AIMS സോഫ്റ്റ്‌വെയർ മുഖേന ഓഡിറ്റിന് സമർപ്പിച്ചത് 07.08.2023 നാണ്.

ILGMS വന്നതിനു ശേഷമുള്ള ആദ്യത്തെ എഎഫ്എസ് ആയതിനാൽ ഹെഡ്ഡുകൾ കറക്ട് ചെയ്യുന്നതിനുള്ള കാലതാമസം വന്നതിനാലാണ് യഥാസമയം അക്കൗണ്ട്സ് സമർപ്പിക്കാൻ കഴിയാതെ പോയതെന്ന് ഓഡിറ്റ് അന്വേഷണം നം.02/09.10.23 ന് മറുപടി നൽകിയിരിക്കുന്നു. എന്നാൽ 11.07.23 ൽ കമ്മിറ്റി അംഗീകരിച്ച അക്കൗണ്ട്സ് ഓഡിറ്റിന് സമർപ്പിക്കുന്നതിൽ കാലതാമസം വന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കേണ്ടതാണ്.

### 1-1-2 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബി) തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ പത്രിക B-1 ഷെഡ്യൂൾ വാർഷിക കണക്കുകളിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

വാർഷിക അനുപാതങ്ങൾ, തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ പത്രിക എന്നിവ ILGMS ൽ ലഭ്യമല്ല എന്നും താരതമ്യ തുകകൾ AIMS വഴി സമർപ്പിക്കുന്നതിന് ഓപ്ഷൻ ഇല്ല എന്നും അറിയിച്ചിട്ടുണ്ട്. താരതമ്യ തുകകളുടെ പകർപ്പ് സമർപ്പിക്കുന്നതായി ഓഡിറ്റ് അന്വേഷണം നം.02/09.10.23 നുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18150981 രൂപയാണ്.എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18195503 രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ILGMS ൽ നിന്നും ജനറേറ്റ് ആകുന്നവയാണെന്നും നിലവിൽ ആയത് വ്യത്യാസം വരുത്തുന്നതിന് ഓപ്ഷൻ ഇല്ലായെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.02/09.10.23 നുള്ള മറുപടി). അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൌച്ചർ നം./തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201266/31.03.23 |
| 110100102 | Property Tax On Non-residential Buildings | 42201267/31.03.23 |
| 110200101 | Profession Tax - Institutions | 42201273/31.03.23 |
| 110200105 | Profession Tax - Traders | 42201274/31.03.23 |

വരും വർഷങ്ങളിൽ കൃത്യമായ എൻട്രികൾ വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.02/09.10.23 നുള്ള മറുപടി).

## 1-1-5 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഷെഡ്യൂളിൽ Purchase Of Material – Stores (ഹെഡ് നം.430100102) ഇനത്തിൽ 140 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുക 2021-22 വാർഷിക ധനകാര്യപത്രികയിലും ഉൾപ്പെട്ടിട്ടുണ്ട്.

വരും വർഷങ്ങളിൽ കൃത്യമായ എൻട്രികൾ വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.02/09.10.23 നുള്ള മറുപടി).

## 1-1-6 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത തൻവർഷ ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി- 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഹെഡുകൾ ലഭ്യമല്ലാത്തതിനാലാണ് പ്രൊവിഷൻ രേഖപ്പെടുത്താത്തതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം

നം.02/09.10.23 നുള്ള മറുപടി). ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-7 Stale Cheque തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

2021-22, 2022-23 വർഷത്തെ B-9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 204120/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

മേൽ തുക ട്രഷറിയിലെ Epoc Clearance തുകയാണെന്നും ഏതെന്ന് വ്യക്തമല്ലാത്തതിനാലാണ് തനത് ശീർഷകത്തിലേയ്ക്ക് മാറ്റാത്തതെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.6/10.10.23 നുള്ള മറുപടി). തുകയുടെ വിശദാംശം പരിശോധിച്ച് നിയമാനുസൃത കാലാവധി (3 വർഷം) കഴിഞ്ഞ തുകകൾ എത്രയും വേഗം വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-8 വാർഷിക ധനകാര്യപത്രികയിൽ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിരിക്കുന്ന തുകയുടെ അക്കൗണ്ട് വിശദാംശങ്ങൾ ലഭ്യമല്ല

2022-23 ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതും RP 40(b) ഷെഡ്യൂൾ പ്രകാരം 1043119 രൂപ നീക്കിയിരിപ്പ് ഉള്ളതുമായ Nationalised Bank Account Of Own Revenue Fund അക്കൗണ്ടിന്റെ വിവരങ്ങൾ ILGMS സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/10.10.23 ന് ലഭ്യമാക്കിയ അക്കൗണ്ട്സിന്മേലുള്ള കുറിപ്പിലെ രേഖപ്പെടുത്തലുകൾ ചുവടെ ചേർക്കുന്നു.

21.03.23 ൽ തനത് ഫണ്ടിൽ ലഭിച്ച കേന്ദ്രവിഹിതം തുകയായ 1043119 രൂപ തെറ്റായി ക്യാഷായി രസീത് ചെയ്തുവെന്നും ആയത് കോൺട്രാ എൻട്രി നടത്തിയപ്പോൾ ILGMS ലെ സാങ്കേതിക പിഴവ് കാരണം കോൺട്രായിലെ ഡെബിറ്റ് കോളത്തിൽ ബാങ്കിന്റെ പേര് സേവ് ആയില്ലെന്നും എന്നാൽ ക്യാഷ് ബുക്കിൽ Remittance ആയി കാണുന്നതായും അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യപത്രികAIMS ൽ അപ്‌ലോഡ് ചെയ്തതിനു ശേഷമാണ് ടി തുക ഒരു ഡമ്മി അക്കൗണ്ടിൽ ബാലൻസായി കാണുന്നത് ശ്രദ്ധയിൽപെട്ടതെന്നും ആയത് പരിഹരിക്കുന്നതിന് ഐ.കെ.എം നോട് ആവശ്യപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 1-1-9 ബാങ്ക് അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ILGMS ൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | റിമാർക്സ് |
|---|---|---|
| 1 | 3586101008602 | CANARA Bank SBM PFMS അക്കൗണ്ട്. |
| 2 | 110042582658 | CANARA BANK Health Grant Towards Building Less Sub Centers അക്കൗണ്ട്. |
| 3 | 40655111000487 | Kerala Gramin Bank UPI Transactions അക്കൗണ്ട്. |

2022-23 വർഷം മേൽ അക്കൗണ്ടുകളിൽ തുകകൾ ഇല്ലാത്തതിനാലും ഇടപാടുകൾ ഇല്ലാത്തതിനാലുമാണ് അവയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.6/10.10.23 നുള്ള മറുപടി). എല്ലാ ആക്ടീവ് ബാങ്ക് അക്കൗണ്ടുകളുടെ വിവരവും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-10 Prior Period തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരം ചുവടെ പറയുന്ന തുകകൾ Prior Period ആയി ക്രമീകരിച്ചിട്ടുണ്ട് (I-19).

| ഹെഡ് നം. | ഇനം | തുക |
|---|---|---|
| 190200401 | Prior Period Income - Other Incomes | 30 |
| 190200201 | Prior Period Income - License Fees | 5000 |

മേൽ തുകകളെ സാധൂകരിക്കുന്ന രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/10.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട ലെഡ്ജർ സമർപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-11 Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല

2022-23 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം 310900101- Excess Of Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 47203909 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 48865011 ആണ്. ബി-1 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/10.10.23 ന് സ്റ്റേറ്റ്മെന്റ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയത്. പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-12 തനത് വരവിന് ഡിമാന്റ് ഹെഡ് ഉൾപ്പെടുത്തിയിട്ടില്ല

RP 45 ഷെഡ്യൂളിൽ 431120103 - Receivables For Profession Tax - Professionals (Current) ഹെഡിൽ 265370 രൂപയുടെ വരവുണ്ട്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ടി തനത് വരുമാനത്തിന്റെ ഡിമാന്റ് ഹെഡ് ഉൾപ്പെടുത്തിയിട്ടില്ല. പകരം 110200105- Profession Tax – Traders ഹെഡിലാണ് ഡിമാന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഹെഡ് മാറിപ്പോയതാണെന്നും വരും വർഷങ്ങളിൽ ഈ അപാകത വരാതെ നോക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.6/10.10.23).

## 1-1-13 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2021-22 ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 340100101 | Contractors EMD | 175530 |
| 340100102 | Suppliers EMD | 10725 |
| 340100103 | Bidders EMD | 135370 * |
| 340100201 | Contractors Security Deposit | 65675 |
| 340100202 | Suppliers Security Deposit | 113166 |
| 340100203 | Bidders Security Deposit | 3000 |
| 340100401 | Road Cutting - Deposit | 15046 |
| 340100303 | Election Deposit | 18500 |
| 340109901 | Other Deposits | 49070 |
| 340200101 | Rent Deposit | 25287 * |
| 340200102 | Auction Deposit | 155172 * |
| 340200106 | Deposit Received For Halls And Auditoriums | 500 |

* 2022-23 വർഷം ഡെപ്പോസിറ്റ് ലഭിച്ച തുക കൂടി ഉൾപ്പെട്ടത്.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.26/13.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീ ഇനത്തിൽ 200 രൂപയുടെ

വരവുണ്ട്. എന്നാൽ തുകകളെ സാധൂകരിക്കുന്ന രീതിയിലുള്ള വരവ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം.48/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-14 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

എ) ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന ഡെപ്പോസിറ്റ്, കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ അഡ്വാൻസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒഴികെയുള്ള അഡ്വാൻസ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ നിലവിലുള്ള KURDFC ലോൺ തിരിച്ചടവ്, കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.26/13.10.23, 48/19.10.23 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-15 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

എ) രസീത് നം.1220102782/30.09.22 പ്രകാരം PMS COLLEGE OF DENTAL SCIENCE അടച്ച Profession Tax - Institutions തുകയായ 2500/- രൂപ തെറ്റായി Profession Tax – Traders ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഹെഡ് മാറിപ്പോയതാണെന്നും വരും വർഷങ്ങളിൽ ഈ അപാകത വരാതെ നോക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.6/10.10.23).

ബി) RP-4 ഷെഡ്യൂളിൽ 140400199 - Other Fees ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ പല വരവുകളും തെറ്റായി ടി ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക | ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം |
|---|---|---|---|
| 1 | 1220102120/08.8.22 | 5 | 140400101-Notice Fee |
| 2 | 1220104583/22.12.22 | 500 | 140400103-Fee For Ownership Change |
| 3 | 1220105458/13.02.23 | 30 | 140400109-Application Fee |
| 4 | 1220105478/14.02.23 | 30 | 140400109-Application Fee |
| 5 | 1220105483/14.02.23 | 30 | 140400109-Application Fee |
| 6 | 1220105597/23.02.23 | 5 | 350300112-Government And Other Dues Payable -Value Of Court Fee Stamp |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.26/13.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സി) പഞ്ചായത്ത് വക ക്യാന്റീന്റെ 06/22 മുതൽ 08/22 വരെയുള്ള മാസങ്ങളിലെ വാടകയിനത്തിൽ രസീത് നം.1220105482/14.02.23 പ്രകാരം ശ്രീമതി രമണി, വിളയിൽ വീട് എന്ന വ്യക്തി ഒടുക്കിയ 8250/- രൂപ Rent From Building (Current) ഹെഡ്ഡിനു പകരം തെറ്റായി Rent From Building (Arrear) ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽ തുക സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.48/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന് ലഭ്യമാകുന്ന വിവിധ വരവുകൾ ശരിയായ ശീർഷകത്തിലേയ്ക്ക് അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-16 ജേണൽ വൗച്ചറെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

എ) 2021-22 ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരം 350410101- Advance Collection Of Revenues - Property Tax On Residential Buildings ഹെഡിൽ 74747/- രൂപ അവശേഷിച്ചിരുന്നു. എന്നാൽ 2022-23 ൽ ടി ഹെഡിൽ നിന്നും 6335/- രൂപയുടെ വരവ് 431100103 - Receivables For Property Tax On Non-Residential Buildings (Current) ഇനത്തിലേയ്ക്ക് ജേണൽ വൗച്ചർ നം. 42201269/31.03.23 പ്രകാരം ക്രമീകരിച്ചിട്ടുള്ളതായി കാണുന്നു. മേൽ ജേണൽ വൗച്ചറിനെ സാധൂകരിക്കുന്ന അനുബന്ധരേഖകൾ ILGMS ൽ ലഭ്യമല്ല.

ഹെഡ് മാറിപ്പോയതാണെന്നും വരും വർഷങ്ങളിൽ ഈ അപാകത വരാതെ നോക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.6/10.10.23). Residential ഹെഡിൽ നിന്നും Non-Residential ഹെഡിലേയ്ക്ക് തുക ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ബി) ഹെഡ് നം.431400101 - Rent From Building (Arrear) ന്റെ ലെഡ്ജർ പരിശോധിച്ചതിൽ ജേണൽ വൗച്ചർ 42201270/31.03.23 മുഖേന 4734/- രൂപ Rent From Building (Current) ഹെഡ്ഡിലേയ്ക്ക് മാറ്റിയിരിക്കുന്നതായി കാണുന്നു. എന്നാൽ അതിനെ സാധൂകരിക്കുന്ന രേഖകൾ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.48/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതും ജേണൽ വൗച്ചറിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-1-17 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഹെഡ്ഡിൽ എല്ലാ തുകകളും ഉൾപ്പെട്ടിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 11(b) ഷെഡ്യൂളിലെ Capital Work In Progress ൽ പ്രോജക്ട് നമ്പർ 277/23 -വിവിധ വാർഡുകളിൽ മിനി എംഎസിഎഫ് നിർമ്മാണം 2021-22 അഡീഷണൽ പ്രകാരം ചെലവഴിച്ച 190205/- രൂപയും പ്രോജക്ട് നം. 124/23 പ്രകാരം വെട്ടുപാറ മുണ്ടൻകോളനി റോഡിൽ പാലം നിർമ്മാണത്തിനായി ചെലവഴിച്ച 203222/- രൂപയും പ്രോജക്ട് നം.211/23-വട്ടക്കൈത കരിമ്പുലകം റോഡ് സൈഡ്‌വാൾ നിർമ്മാണത്തിനായി ചെലവഴിച്ച 251334/- രൂപയും ചേർത്ത് ആകെ 644761/- രൂപ ഉൾപ്പെട്ടിട്ടില്ല. അസി. എഞ്ചിനീയർ ലഭ്യമാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുകകൾ ഉൾപ്പെട്ടിരുന്നു.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.26/13.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-18 വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല

സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം ആകെ 700 രൂപയാണ് 2022-23 വർഷം രജിസ്ട്രേഷൻ ഇനത്തിൽ വരവുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് 900 രൂപയാണ്.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.48/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-19 ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല

വരവ് രജിസ്റ്ററുകൾ ഓരോ മാസവും ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക ക്ലോസിംഗ് മാത്രമാണ് നടത്തിയിട്ടുള്ളത്.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.48/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-20 ഡിസിബി സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ടും ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി | എ.എഫ്.എസ്. പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് |

| | | സ്റ്റേറ്റ്മെന്റ് പ്രകാരം | | സ്റ്റേറ്റ്മെന്റ് പ്രകാരം | | പ്രകാരം |
|---|---|---|---|---|---|---|
| Residential Building (Current) | 3446165 | 3448005 | 2481028 | 2475077 | 1009102 | 1009788 (960299+ 49489) |
| Non-Residential Building (Current) | 3722774 | 3722720 | 2999218 | 2997968 | 753707 | 748295 (712446+ 35849) |
| Residential Building (Arrear) | 1139463 | 1473742 (1399022+ 74720) | 703230 | 688909 | 401094 | 749418 (711165+38253) |
| Non-Residential Building (Arrear) | 696381 | 740476 (704586+35890) | 391790 | 391793 | 284792 | 329021 (313038+15983) |
| ആകെ | 9004783 | | 6575266 | | 2448695 | |

മേൽ പൊരുത്തക്കേട് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.48/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 1-1-21 ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല

ഓഡിറ്റ് റിക്കവറി ഇനത്തിൽ ചുവടെ പറയും പ്രകാരം ഒടുക്കിയ തുക പ്രസ്തുത ഹെഡ്ഡിനു പകരം തെറ്റായി ഹെഡ്ഡ് നം. 350110199 - Other Employee Liabilities Payable ൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുകയുടെ ഒടുക്കുവിവരം ചുവടെ ചേർക്കുന്നു.

| തുക | ഒടുക്കിയ രസീത് നം./തീയതി | തുക ഒടുക്കിയത് | റിമാർക്ക്സ് |
|---|---|---|---|
| 31911 | 1220101231/10.6.22 | അസി.എഞ്ചിനിയർ | Kerala State Audit Department, Surcharge Notice No. KSA.4069/ Spl.Cell/CSC/B1/2019 Dated : 10/02/2022 പ്രകാരം ഒടുക്കിയത്. |

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 പ്രകാരം, മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഉപയോഗിച്ച് നിർവഹിച്ച പ്രോജക്ടുമായി ബന്ധപ്പെട്ടാണ് ടി തുക ഒടുക്കിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട സർക്കാർ ഹെഡ്ഡിലേയ്ക്ക് ഒടുക്കുവരുത്താതെ മേൽ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിർത്തിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.48/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-22 MGNREGS-റിക്കൂപ്പ് ചെയ്യാനുള്ള അഡ്വാൻസ് തുകയിൽ അവ്യക്തത

2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ Advance To Mahatma Gandhi NREGA/AUEGS Administrative Expence ഇനം ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ 2022-23 വർഷം ടി ഹെഡ്ഡിൽ (ഹെഡ് നം.460500801) മുന്നിരിപ്പ് ഇല്ല. പ്രസ്തുത ഹെഡ്ഡിന്റെ 31.03.23 ലെ നീക്കിയിരിപ്പ് 1369001 രൂപയാണ്. അതായത് MGNREGS ന് 2022-23 വർഷം നൽകിയ അഡ്വാൻസ് തുകയിൽ 1369001 രൂപ റിക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്നു. എന്നാൽ NREGS വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ അഡ്വാൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം മുന്നിരിപ്പ് 1268233 രൂപയുണ്ട്. കൂടാതെ 2022-23 വർഷം റിക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്നത് 2501916 രൂപയാണ്.

മേൽ പൊരുത്തക്കേടിന് മറുപടി ലഭ്യമാക്കുന്നതിനും 2021-22 വർഷം NREGS ന് അഡ്വാൻസ് തുക നൽകിയിട്ടുണ്ടെങ്കിൽ തുക ഏത് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരുന്നത് എന്ന വിവരം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം

നം.26/13.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷം അഡ്വാൻസ് തുക റീക്കൂപ്പ് ചെയ്യാൻ അവശേഷിച്ചിട്ടുണ്ടെങ്കിൽ വിവരം ബന്ധപ്പെട്ട ലെഡ്ജറിന്റെ പകർപ്പ് സഹിതം ലഭ്യമാക്കേണ്ടതും 2022-23 വർഷം പ്രസ്തുത തുക Advance To Mahatma Gandhi NREGA/AUEGS Administrative Expence ഹെഡ്ഡിലേയ്ക്ക് ജേണൽ എൻട്രി മുഖേന ക്രമീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-1-23 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

എ) 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | ഹെഡ് കോഡ് 2021-22 | ഹെഡ് കോഡ് 2022-23 | ഇനം | 2022-23 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 350100101 | 350100101 | Amount Payable To Suppliers | 141725 |
| 2 | 350200301 | 350200119 | Recoveries Payable-Covid | 108044 |
| 3 | 350300101 | 350300101 | Government And Other Dues Payable - Library Cess | 333799 * |
| 4 | 350300109 | 350400999 | Refund Of Unutilised Grants - Prior Period | 460634 |
| 5 | 350200115 | 350200115 | Recoveries Payable - Dues To Other Local Government Institutions | 16000 |
| 6 | 350800299 | 320100999 | Other Liabilities | 113900 |

* 2022-23 ലെ വരവ് തുക കൂടി ഉൾപ്പെട്ടത്.

ക്രമ നം.3 പ്രകാരമുള്ള ലൈബ്രറി സെസ് തുക 31.05.23 ൽ ഒടുക്കിയിട്ടുള്ളതായും മറ്റു ഹെഡ്ഡുകളിൽ അവശേഷിക്കുന്ന തുക ഈ വർഷം തന്നെ തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.02/09.10.23 നുള്ള മറുപടി). എന്നാൽ 22300183/31.05.23 നം.വൗച്ചർ പ്രകാരം 266606/- രൂപ മാത്രമാണ് ലൈബ്രറി സെസ് ഇനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുള്ളത്. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ബി) 460500202-Advance To Implementing Agencies - Deposit With Kerala Electricity Board ഹെഡ് പ്രകാരം ആകെ 2135144/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ 1351384/- രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 48/19.10.23 ന് മറുപടി ലഭ്യമാക്കുകയോ ബാക്കി തുകയ്ക്കുള്ള

ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. 783760/- രൂപയുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സി) 2020 തദ്ദേശ സ്വയംഭരണ തെരെഞ്ഞെടുപ്പ് ഇലക്ഷൻ ഡെപ്പോസിറ്റുകളിൽ വരണാധികാരി കണ്ടുകെട്ടുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഇലക്ഷൻ ഡപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മാറ്റുന്നതിന് അനുമതി നല്കി ഭരണസമിതി 03.03.22 ൽ കൂടിയ അടിയന്തിര യോഗത്തിൽ 1(13) പ്രകാരം അംഗീകരിച്ചു തീരുമാനിച്ചിരുന്നു. എന്നാൽ ടി തീരുമാനം നടപ്പാക്കിയിട്ടുള്ളതായി കാണുന്നില്ല. 2021-22 വർഷം ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ഇലക്ഷൻ ഡെപ്പോസിറ്റ് തുക അതുപോലെ തന്നെ 2022-23 ബാലൻസ് ഷീറ്റിലും ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.
മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.26/13.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനം നടപ്പാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.
ഡി) 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അഡ്വാൻസ് ഇനങ്ങളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | 2022-23 B-18 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 460100199 | Other Advances | 105600 |
| 460500304 | Advance To Kudumbashree Neighborhood Group | 10000 |
| 460100105 | Tour Traveling Allowance Advance | 4300 |
| 460500501 | Advance To Implementing Officers | 718466 * |
| 460509901 | Advance To Others | 1477769 |

* 2022-23 വർഷം അഡ്വാൻസ് നൽകിയ തുക കൂടി ഉൾപ്പെട്ടത്. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.26/13.10.23).

## 1-2 ബജറ്റ്

ഭരണസമിതിയുടെ 25.03.22 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകരം | റിവൈസ്ഡ് ബജറ്റ് പ്രകാരം* |
|---|---|---|
| മുന്നിരിപ്പ് | 100587099 | 164472975 |
| വരവ് | 372841000 | 223408367 |
| ആകെ | 473428099 | 387881342 |
| ചെലവ് | 467745700 | 325479369 |
| നീക്കിയിരിപ്പ് | 5682399 | 62401973 |

*പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 21.03.2023 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2-1 ബജറ്റ് അപാകങ്ങൾ

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ഉൾപ്പെട്ട ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തതിനാൽ ബജറ്റിന്റെ പ്രതിമാസ അവലോകനം നടന്നിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അഭാവത്തിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാതകകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.37/17.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ബജറ്റ് വകതിരുത്തൽ-ചെലവ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ/റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ/വകയിരുത്താതെ ചില ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | അക്കൗണ്ട്സ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2201101 | 300000 | 425000 | 564336 |
| 2 | 2208001 | 300000 | 300000 | 424462 |

| | | | | |
|---|---|---|---|---|
| 3 | 2303001 | - | - | 10000 |
| 4 | 2305009 | 200000 | 200000 | 415058 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/10.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വരും വർഷങ്ങളിൽ ബജറ്റ് വകയിരുത്തലുകൾക്കുള്ളിൽ നിന്നുള്ള ചെലവുകൾ മാത്രമേ വരുത്തുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 40641498 |
| ഓഡിറ്റ് വർഷത്തെ വരവ് | 84462159 |
| ആകെ | 125103657 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66311178 |
| നീക്കിയിരിപ്പ് | 58792479 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20231122 | 20231122 | 25492015 | -5260893 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6000665 | 6000665 | 5273460 | 727205 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 205000 | 205000 | 137888 | 67112 |
| വികസനഫണ്ട് (CFC Tied) | 0 | 9065498 | 9065498 | 3814515 | 5250983 |
| വികസനഫണ്ട് (CFC Untied) | 0 | 5000000 | 5000000 | 3573072 | 1426928 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 10170000 | 10170000 | 7077050 | 3092950 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 21766000 | 21766000 | 11782018 | 9983982 |
| CSS | 0 | 0 | 0 | 2428131 | -2428131 |
| SSS | 0 | 0 | 0 | 500000 | -500000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 25492015 |
| | ACR + Source Deduction (7064597) | 27162986 |
| | Accounts (I-6+ | 25492015 |

| | | |
|---|---|---|
| | Corresponding Capital Contribution) | |
| Development Fund (TSP) | Grant Statement | 137888 |
| | ACR | 142688 |
| | Accounts (I-6) | 137888 |
| Development Fund (CFC Tied) | Grant Statement | 3814515 |
| | ACR | 3814515 |
| | Accounts (I-6+ Corresponding Capital Contribution) | 3749481 |
| Development Fund (CFC UnTied) | Grant Statement | 3573072 |
| | ACR | 3573072 |
| | Accounts (I-6+ Corresponding Capital Contribution) | 3442795 |
| Maintenance Fund (Road) | Grant Statement | 11782018 |
| | ACR | 12151315 |
| | Accounts (I-6+ Corresponding Capital Contribution) | 11782018 |
| Maintenance Fund (Non Road) | Grant Statement | 7077050 |
| | ACR | 7083358 |
| | Accounts (I-6+ Corresponding Capital Contribution) | 7077050 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Development Fund (General) ഫണ്ടിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് (-5260893) കാണുന്നു.

2. ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ വരവും സുലേഖ ചെലവുപത്രിക പ്രകാരം ഈയിനത്തിൽ ചെലവുമുണ്ട്.

3. സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 6351231/- രൂപയിൽ 5273460/- രൂപ മാത്രമാണ് ചെലവഴിച്ചത്. 17% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിക്ക് വകയിരുത്തേണ്ടതാണ്. എന്നാൽ വനിതാ ഘടക പദ്ധതിക്കായി വകയിരുത്തിയ 3805382 രൂപയിൽ (മറ്റുള്ളവ ഒഴികെ) 2624614 രൂപ മാത്രമാണ് (മറ്റുള്ളവ ഒഴികെ) ചെലവഴിച്ചിട്ടുള്ളത് (ചെലവ് ശതമാനം 69).

5. വനിതകൾ, വൃദ്ധർ, അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ എന്നീ വിഭാഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| വനിതകൾ | 165/23 | കന്നുകുട്ടി പരിപാലനം (എസ്.എൽ.ബി.പി) | 1800000 |
| വൃദ്ധർ | 140/23 | വയോക്ലബ് | 50000 |

| | | | |
|---|---|---|---|
| | | രൂപീകരിക്കൽ | |
| അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ | 296/23 | അതിദരിദ്രർക്ക് മരുന്ന് നൽകൽ | 50000 |

6. 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8386468 | 5658940 | 67.5 |
| | പട്ടിക വർഗ്ഗം | 71000 | 4800 | 6.7 |
| സേവനം | പൊതുവിഭാഗം | 76521539 | 37504225 | 49 |
| | പട്ടിക ജാതി | 14696816 | 5429772 | 37 |
| പശ്ചാത്തലം | പൊതുവിഭാഗം | 40595925 | 20665241 | 50.1 |
| | പട്ടിക ജാതി * | 1315731 | 0 | 0 |

* തുക ചെലവഴിച്ചിട്ടില്ല.

7. 2022-23 വർഷം ചുവടെ പറയുന്ന പ്രോജക്ടിനായി വകയിരുത്തിയിരുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (എസ്.സി.പി ഫണ്ട്) | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 180/23 | പിഎംഎവൈ - പഞ്ചായത്ത് വിഹിതം നൽകൽ എസ് സി | 180000 | വി.ഇ.ഒ |
| 260/23 | സമഗ്ര കോളനി നവീകരണം | 817731 | അസി.എഞ്ചിനിയർ |
| 317/23 | എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | 115000 | അസി.സെക്രട്ടറി |

8. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്യിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് | 2022-23 ബി-4 ഷെഡ്യൂൾ | വിഹിതം നൽകിയ |
|---|---|---|---|

| | അക്കൗണ്ട് | പ്രകാരം നീക്കിയിരിപ്പ് തുക | സ്ഥാപനം |
|---|---|---|---|
| 1 | 320700102 | 2806830 | മുനിസിപ്പൽ കോർപ്പറേഷൻ |
| 2 | 320700205 | 461782 * | ജില്ലാപഞ്ചായത്ത് |
| 3 | 320700204 | 806910 | ബ്ലോക്ക് പഞ്ചായത്ത് |

* 2022-23 വർഷം വരവ് ലഭിച്ച തുക കൂടി ഉൾപ്പെട്ടത്.

9. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/13.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

10. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 ലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 320200304 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management | 593 |
| 2 | 320200399 | Grants, Funds For Special Purposes-Other Than Development Fund And State Sponsored Scheme – Other Purpose | 61538 |
| 3 | 320400199 | Grants, Funds & Contributions For Specific Purposes - Other Financial Institutions | 1053300 * |

* 2022-23 വർഷം ചെലവഴിച്ചതിൽ ബാക്കി തുക.

ക്രമ നം.1,2 എന്നിവ പ്രകാരമുള്ള തുകകൾക്ക് 2022-23 വർഷത്തിൽ പദ്ധതി വച്ചിട്ടില്ലാത്തതിനാലാണ് നീക്കിയിരിപ്പ് കാണുന്നതെന്നും ക്രമ നം.3 പ്രകാരമുള്ള ലൈഫ് സംസ്ഥാനവിഹിതത്തിലെ നീക്കിയിരിപ്പ് തുക വരും വർഷങ്ങളിൽ ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.02/09.10.23 നുള്ള മറുപടി).


## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക

എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക | ലാപ്സ് (%) |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 28036769 | 25492015 | 2544754 | 9 |
| വികസനഫണ്ട് എസ്.സി.പി | 6351231 | 5273460 | 1077771 | 17 |
| വികസനഫണ്ട് റ്റി.എസ്.പി. | 205000 | 137888 | 67112 | 32.7 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 10170000 | 7077050 | 3092950 | 30.4 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 21766000 | 11782018 | 9983982 | 45.9 |
| ആകെ | 66529000 | 49762431 | 16766569 | 33.7 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.



ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B-4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ് + പലിശ) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B-4 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4013000 | 9065498 | 13078498 | 3814515 | 9263983 | 8413512 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 593305 | 5000000 + 252436 | 5845741 | 3573072 | 2272669 | 2402946 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 7 | 7 | 1414800 | 409952 | 29 |
| വെറ്റിനറി സർജൻ | 12 | 10 | 2 | 3469398 | 2238275 | 64.5 |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 18 | 11 | 7 | 7392093 | 5015296 | 67.8 |
| മെഡിക്കൽ ഓഫീസർ –ഹോമിയോ | 3 | 2 | 1 | 380000 | 327488 | 86.2 |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 5 | 5 | 0 | 1605000 | 1605000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 19 | 9 | 33043616 | 9899163 | 30 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 14 | 1 | 9158232 | 5901401 | 64.4 |
| സെക്രട്ടറി | 34 | 22 | 12 | 15952278 | 13229240 | 83 |
| എച്ച്.എം. | 6 | 4 | 2 | 2462000 | 2045671 | 83.1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 78 | 54 | 61174083 | 24469986 | 40 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 3 | 0 | 3544270 | 3237067 | 91.3 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 13 | 3 | 2281709 | 1173527 | 51.4 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 35101366 | 25492015 | 72.6 |
| എസ്.സി.പി. | 7837797 | 5273460 | 67.3 |
| ടി.എസ്.പി | 205000 | 137888 | 67.3 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 17999098 | 7387587 | 41 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5715189 | 2428131 | 42.5 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 6650000 | 500000 | 7.5 |
| തനത് ഫണ്ട് | 17136710 | 6649389 | 38.8 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 7278480 | 2030903 | 28 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5028698 | 793625 | 15.8 |
| മെയിന്റനൻസ് റോഡ് | 26155000 | 11782018 | 45 |
| മെയിന്റനൻസ് റോഡിതരം | 11971243 | 7077050 | 59.1 |
| മറ്റുള്ളവ | 33449523 | 8601439 | 25.7 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 286 | 188 | 98 | 141877479 | 69552066 | 49 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ഭരണസമിതിയുടെ 2(1)/07.10.2021-ാം നമ്പർ തീരുമാന പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 33/13.10.2023ന്റെ മറുപടി). എന്നാൽ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു. 2022-23 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 29.12.21 ന് 19 പേർ പങ്കെടുത്ത യോഗവും 12.05.22 ന് 14 പേർ പങ്കെടുത്ത യോഗവുമാണ് നടത്തിയിട്ടുള്ളത്. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതിയുടെ 2(1)/07.10.2021-ാം നമ്പർ തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിൽ ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ്

ചെയ്തിട്ടുള്ളത്. ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ- ആരോഗ്യം. കുടിവെള്ളം ശുചിത്വം. കൂടാതെ യോഗം നടന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. ചില മിനിട്സിൽ പങ്കെടുത്തവരുടെ ഹാജർ മാത്രമാണ് ഉള്ളത്. തീരുമാനങ്ങൾ രേഖപ്പെടുത്തുകയോ മിനിട്സ് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാ-കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ 14.06.22 ലെ യോഗ മിനിട്സ്.

കണ്ടെത്തിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്തു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളുടെയും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് അന്വേഷണം നം. 33/13.10.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | ആരോഗ്യം | 12.05.22 | വാർഡ് തലത്തിൽ ബ്ലഡ് ഗ്രൂപ്പ് നിർണയ ക്യാമ്പ് നടത്തി ബ്ലഡ് ഡൊണേഷൻ ക്ലബ്ബ് രൂപീകരിക്കുക, സ്കൂൾതലത്തിൽ ലഹരിവിമുക്ത ബോധവത്കരണം നടത്തുന്നതിനായി സ്കൂൾ ഹെൽത്ത് ടീം സജ്ജമാക്കുക | സ്കൂൾതലത്തിൽ ലഹരിവിമുക്ത ബോധവത്കരണം നടത്തിവരുന്നുണ്ട്. |
| 2 | പട്ടികജാതി വികസനം | 12.05.22 | കോളനികളിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | എല്ലാ വാർഡുകളിലും LED ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതി കോളനികളിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. |
| 3 | വനിത വികസനം | 12.05.22 | ഒറ്റപ്പെട്ടു താമസിക്കുന്ന വനിതകളെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുക | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 4 | മൃഗസംരക്ഷണം, ക്ഷീരവികസനം | 12.05.22 | Cow Lifting Devisor സംവിധാനം നടപ്പിലാക്കുക | നടപ്പിലായില്ല. |
| 5 | കുടിവെള്ളം, ശുചിത്വം | 12.05.22 | പൊതുകിണറുകൾ ഗ്രിൽ ഇട്ട് അടയ്ക്കുക | പൊതുകിണർ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. |
| 6 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | 12.05.22 | പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ കലാ കായിക സാംസ്കാരിക സ്ഥാപനങ്ങളുടെയും ഒരു ഡയറക്ടറി തയ്യാറാക്കുക | കലാ കായിക സാംസ്കാരിക സ്ഥാപനങ്ങൾ, ക്ലബുകൾ എന്നിവയുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | സാമൂഹ്യനീതി | 14.06.22 | ട്രാൻസ്ജെന്റേഴ്സിന് തൊഴിൽസംരംഭങ്ങൾ തുടങ്ങാൻ സാമ്പത്തിക സഹായം അനുവദിക്കുക | ആരും സമീപിച്ചിട്ടില്ലാത്തതിനാൽ 2022-23 ൽ പദ്ധതി വെച്ചിട്ടില്ല. |

സ്റ്റാറ്റസ് റിപ്പോർട്ട്

പരിഷ്കരിച്ച അവസ്ഥാരേഖ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനം പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് അന്വേഷണം നം. 33/13.10.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | കൃഷി | ഗുരുതരം | ജലക്ഷാമം | ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട് |
| 2 | വനിതാവികസനം | ഗുരുതരം | സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ | ജാഗ്രതാസമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കെതിരെ യുള്ള അതിക്രമങ്ങൾ പഞ്ചായത്ത് തലത്തിൽ കണ്ടെത്തി പരിഹരിക്കുന്നതിന് ജ്വാല പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| 3 | പട്ടികജാതി വികസനം | അതീവ ഗുരുതരം | ലഹരി വസ്തുക്കളുടെ ഉപയോഗം | പോലീസ്, എക്സൈസ് സഹായത്തോടെ വിമുക്തി എന്ന പദ്ധതിയുമായി സഹകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ നടത്തി വരുന്നുണ്ട്. |
| 4 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | ഗുരുതരം | സ്കൂളുകളിലെ അടിസ്ഥാന സൗകര്യത്തിന്റെ | സ്കൂളുകളിൽ ചുറ്റുമതിൽ, ടോയ്ലെറ്റ്, സോക്പിറ്റ്, |

| | | | | |
|---|---|---|---|---|
| | | | കുറവ് | മേൽക്കൂര, അറ്റകുറ്റപ്പണികൾ തുടങ്ങിയുള്ള നിരവധി പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നുണ്ട്. |

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായി സംയോജിച്ച് 2022-23 വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് 2022-23 വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ഉപയോഗിച്ച് 2022-23 വർഷം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകുംവിധം ആവശ്യകതകൾ നിർണ്ണയിച്ച് പദ്ധതികൾ ആവിഷ്കരിച്ച് മാർഗ്ഗരേഖയും മറ്റ് സർക്കാർ ഉത്തരവുകളും പാലിച്ച് നിർവഹണം നടത്തി പദ്ധതി പണം പാഴാക്കാതെ പദ്ധതി നടത്തിപ്പ് പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത മേൽ ഖണ്ഡികകളിൽ നിന്നും വ്യക്തമാകുന്നു. ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5087300 | 432 |
| വിധവ പെൻഷൻ | 21298700 | 2045 |
| വാർദ്ധക്യകാലപെൻഷൻ | 40753300 | 4034 |
| വികലാംഗപെൻഷൻ | 5940400 | 546 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 419400 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

ക്ഷേമപെൻഷനുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

## 1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

പഞ്ചായത്തിലെ 2022-23 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

എ) ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | പെൻഷൻ അനുവദിച്ച സ്ഥാപനം |
|---|---|---|---|---|---|---|
| പങ്കജാക്ഷി അമ്മ | 102670200367 | വാർദ്ധക്യകാലം | 28.03.23 | ആക്ടീവ് | 04/23 മുതൽ 06/23 വരെ (4800 രൂപ) | വെമ്പായം ഗ്രാമപഞ്ചായത്ത് |
| രത്നാഭായി അമ്മ | 102960600005 | വിധവപെൻഷൻ | 27.03.21 | ആക്ടീവ് | 04/21 മുതൽ 06/23 വരെ | നഗരൂർ ഗ്രാമപഞ്ചായത്ത് |
| ലീല.ജെ | 101670233514 | വാർദ്ധക്യകാലം | 19.05.22 | ആക്ടീവ് | 06/22 മുതൽ 06/23 വരെ | തിരുവനന്തപുരം കോർപ്പറേഷൻ |
| ബാബു.പി | 102670202714 | വാർദ്ധക്യകാലം | 27.08.22 | സസ്പെൻഡ് | 09/22 (1600 രൂപ) | വെമ്പായം ഗ്രാമപഞ്ചായത്ത് |
| രാജപ്പൻപിള്ള.എൻ | 102670201642 | വാർദ്ധക്യകാലം | 07.01.23 | ആക്ടീവ് | 02/23 മുതൽ 06/23 വരെ (3000 രൂപ) | വെമ്പായംഗ്രാമപഞ്ചായത്ത് |
| സരള.റ്റി | 102670601848 | വിധവപെൻഷൻ | 08.05.22 | ആക്ടീവ് | 06/22 മുതൽ 06/23 വരെ (20800 രൂപ) | വെമ്പായം ഗ്രാമപഞ്ചായത്ത് |
| കൃഷ്ണൻകുട്ടി പി | 102670203016 | വാർദ്ധക്യകാലം | 29.12.22 | സസ്പെൻഡ് | 01/23 മുതൽ 06/23 വരെ(2400 രൂപ) | വെമ്പായം ഗ്രാമപഞ്ചായത്ത് |
| സ്റ്റീഫൻ.എ | 102670202866 | വാർദ്ധക്യകാലം | 30.09.22 | ആക്ടീവ് | 10/22 മുതൽ 06/23 വരെ(14400 രൂപ) | വെമ്പായം ഗ്രാമപഞ്ചായത്ത് |
| | | | | ആകെ | 47600/- | |

ബി) ഗുണഭോക്താവിനെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| തുളസീധരൻപിള്ള | 102670400498 | വികലാംഗ പെൻഷൻ | 10.10.22 | ആക്ടീവ് |

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

അനർഹമായി നൽകിയിട്ടുള്ള പെൻഷൻ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും മറ്റ് തദ്ദേശസ്ഥാപനത്തിലെ പെൻഷൻ ഗുണഭോക്താക്കളുടെ മരണ വിവരം പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്തതിന്റെ രേഖകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം

നം.44/18.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വെമ്പായം പഞ്ചായത്തിലെ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും മറ്റ് തദ്ദേശസ്ഥാപനത്തിൽ അനുവദിച്ച പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് ഗുണഭോക്താക്കളുടെ മരണവിവരം അറിയിച്ചുകൊണ്ട് കത്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സേവന സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗുണഭോക്താക്കളെ ഇപ്പോഴും സസ്പെൻഡ് ചെയ്തിട്ടില്ലായെന്നു കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതും മേൽ വിഷയത്തിലുള്ള തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ അധികമായി നൽകിയ തുകയുടെ തിരിച്ചടവ് സംബന്ധിച്ച വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-6-2 ക്ഷേമ പെൻഷൻ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

എ) ധനകാര്യ വകുപ്പിന്റെ 16/04/2022 ലെ 1174016/എസ്.എഫ്.സി.ബി 2/2019/ധന നമ്പർ കത്ത് പ്രകാരം രണ്ട് ഏക്കർ ഭൂമിയുള്ള റബർ സബ്സിഡി നൽകുന്നവരുടെ പെൻഷൻ ഒരു മാസത്തെ നോട്ടീസ് നൽകി റദ്ദ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻ റദ്ദു ചെയ്യുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ള ഗുണഭോക്താക്കൾ സമർപ്പിക്കുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറിമാർ വിശദ പരിശോധന നടത്തേണ്ടതും പ്രസ്തുത വ്യക്തികൾക്ക് രണ്ടേക്കറിൽ കൂടുതൽ ഭൂമിയില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം അവരെ സേവന പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതില്ലായെന്ന് 29.06.2022 ലെ 1174016/ എസ്.എഫ്.സി ബി 2/2022 നമ്പർ കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

രണ്ട് ഏക്കർ ഭൂമിയുള്ള റബർ സബ്സിഡി ലഭിക്കുന്നവരും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതുമായവരുടെ ലിസ്റ്റ് പരിശോധിച്ചതിൽ വെമ്പായം ഗ്രാമപഞ്ചായത്തിലെ ഒൻപത് ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐ.ഡി | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം |
|---|---|---|
| 102670202452 | ക്രിസ്റ്റീന | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102670600087 | ഇന്ദിര.കെ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ |
| 102670203863 | സലാഹുദ്ദീൻ.എം.കെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102670202749 | ഗോപാലകൃഷ്ണനാശാരി.എം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102670204771 | വേണുഗോപാലൻ.എൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102670203348 | സുന്ദരേശൻ നായർ.പി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102670204962 | ഷിഹാബുദ്ദീൻ.എ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102670201662 | ബഷീർ.എ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102670203414 | ഭുവനേന്ദ്രൻ നായർ.പി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |

സേവന പെൻഷൻ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വ്യകതികളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആണ്. മേൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പട്ടികയിലെ വ്യകതികൾക്ക് തുടർന്നും പെൻഷൻ അനുവദിക്കുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.55/19.10.23 ന് നൽകിയ മറുപടി പ്രകാരം മേൽ വ്യക്തികൾ രണ്ട് ഏക്കർ ഭൂമിയുള്ള റബ്ബർ സബ്സിഡി ലഭിക്കുന്ന ഗുണഭോക്താക്കളാണോയെന്ന വിവരത്തിന് റബ്ബർ ബോർഡിന് കത്ത് നൽകുന്നതാണെന്നും ആയത് ശരിയാണെങ്കിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) എല്ലാ പ്രാദേശിക സർക്കാർ പരിധികളുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഡാറ്റ, ഇൻഫർമേഷൻ കേരള മിഷൻ "സേവനയുമായി" പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണെന്ന് 02.08.2021 തീയതിയിലെ 63/2021/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.44/18.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്ത് വരുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ വിവരങ്ങൾ മൂന്നു മാസത്തിലൊരിക്കൽ സർക്കാരിനെ അറിയിക്കുന്നതായി മറുപടി നൽകിയിട്ടില്ല.
സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും അനർഹരെ കണ്ടെത്തി ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2023 ന് 12.15PM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8232/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3) ഫ്രണ്ട് ഓഫീസിൽ ഫോമുകളുടെ രജിസ്റ്റർ ഉണ്ടെങ്കിലും,ആയത് പൂർണ്ണവും കാലികവുമല്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
8) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2650 | 1107116 | 1109766 | 571484 | 538282 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 50346072 | 50346072 | 50346072 | 0 |
| ആകെ | 2650 | 51453188 | 51455838 | 50917556 | 538282 |

## 1-10 മറ്റ് ഓഡിറ്റ് നത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-5-22 മുതൽ 15-5-22 | 1-8-21 മുതൽ 31-3-22 | 14/7/22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | സപ്ളിമെന്ററി ഓഡിറ്റ് | 2019-20 | 10/5/22 |

## 1-11 വസ്തു നികുതി - അപാകതകൾ

വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ വിവിധ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ തീയതി 05/04/2023 പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ

വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ ഉൾപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 11.07.2023 ലെ 3(1) നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്തു (നം.എസ്.സി-4 4329/23, തീയതി 12.07.23). എന്നാൽ കരട് വിജ്ഞാപനം നാളിതുവരെ അന്തിമമാക്കിയിട്ടില്ലെന്നും ആയതിനാൽ പുതുക്കിയ നികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിച്ചിട്ടില്ലെന്നും നികുതി പരിഷ്കരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.04/09.10.23 ന് മറുപടി നൽകിയിട്ടുണ്ട്.

എത്രയും വേഗം നികുതി നിരക്കുകൾ അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പ്രസ്തുത നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതുമാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-11-2 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/09.10.23 ന് പോസ്റ്റ് ഓഡിറ്റ് നടത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-3 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 32 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ലാത്ത വാർഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purifi Cation Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Compl Eted | Verifier Pending | Verifier Compl Eted | Approver Pending | Approver Compl Eted | |
| 1 | (3) VAZHAYKKADU | 659 | 2 | 657 | 0 | 657 | 0 | 657 | 2 |
| 2 | (4) KONCHIRA | 857 | 3 | 854 | 0 | 854 | 0 | 854 | 3 |
| 3 | (5) KANYAKULANGARA | 800 | 4 | 796 | 0 | 796 | 0 | 796 | 4 |
| 4 | (6) KARAMKODU | 899 | 2 | 897 | 0 | 897 | 0 | 897 | 2 |
| 5 | (7) CHEERANIKARA | 598 | 2 | 596 | 0 | 596 | 0 | 596 | 2 |
| 6 | (9) THEKKADA | 728 | 1 | 727 | 0 | 727 | 0 | 727 | 1 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | (10) CHIRAMUKKU | 647 | 1 | 646 | 0 | 646 | 0 | 646 | 1 |
| 8 | (12) MOTTAMOODU | 721 | 2 | 719 | 0 | 719 | 0 | 719 | 2 |
| 9 | (13) KANAKODU | 847 | 5 | 842 | 0 | 842 | 0 | 842 | 5 |
| 10 | (15) KUTTIYAN | 648 | 1 | 647 | 0 | 647 | 0 | 647 | 1 |
| 11 | (16) PANTHALAKODU | 534 | 7 | 527 | 0 | 527 | 0 | 527 | 7 |
| 12 | (17) VETTINADU | 624 | 1 | 623 | 0 | 623 | 0 | 623 | 1 |
| 13 | (20) MAILADUMMUKAL | 534 | 1 | 533 | 0 | 533 | 0 | 533 | 1 |
| | Total | 9096 | 32 | 9064 | 0 | 9064 | 0 | 9064 | 32 |

ഡാറ്റാ പ്യൂരിഫിക്കേഷൻ സൈറ്റ് നിലവിൽ ഓപ്പൺ അല്ലായെന്നും ഓപ്പൺ ആകുന്ന മുറയ്ക്ക് ഡാറ്റാ എൻട്രി നടത്തിയ മേൽ 32 കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം.8/10.10.23 ന്റെ മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-4 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി - അപാകതകൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം സർക്കാർ /എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വകുപ്പ് പ്രകാരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. /കെട്ടിട നം. | സ്ഥാപനത്തിന്റെ/ കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം | ഉപയോഗ ക്രമം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|---|
| 1 | 13/308 | സെവൻഡേ സ്കൂൾ | 120 $M^2$ | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ (സെ. 207(1 (എ) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 2 | 2/255 | അലി കുഞ്ഞ് | 15 $M^2$ | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |

2. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 2022-23 വർഷത്തെ വസ്തു നികുതി പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | വാർഷിക നികുതി തുക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|
| 1 | 11/476 (C) | നജ്മം, റൈഹാന മൻസിൽ | വിദ്യാഭ്യാസാവശ്യം | 59.09 $M^2$ | 342 | 2021 ഒന്നാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ | 684 |
| 2 | 18/69 | ഓമന അമ്മ, തടത്തരികത്തു വീട് | വിദ്യാഭ്യാസാവശ്യം | 15.65 $M^2$ | 67 | 2022 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ | 67 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 18/360 | ശശിധരൻ നായർ,ശശി ഭവൻ | വിദ്യാഭ്യാസാവശ്യം | 46.75 $M^2$ | 173 | 2019 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ | 692 |
| 4 | 18/509/A | ഗീവർഗ്ഗീസ് യോഹന്നാൻ & ജൈനമ്മ യോഹന്നാൻ, കുഴിവിളപുത്തൻവീട്, കൊട്ടാരക്കര | വിദ്യാഭ്യാസാവശ്യം | 3867.35 $M^2$ | 22335 | 2022 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ | 22335 |
| | | | | | | **ആകെ** | **23778** |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.17/11.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഡാറ്റാ പ്യൂരിഫിക്കേഷൻ സൈറ്റ് ഓപ്പൺ ആകുന്ന മുറയ്ക്ക് പരാമർശിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ കരം ജനറേറ്റ് ചെയ്ത് നടപടി സ്വീകരിക്കുന്നതായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-5 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ കെട്ടിടം - നികുതി ഒഴിവാക്കിയതിലെ അപാകത

കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 207(1) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഉടമസ്ഥൻ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 17/6 | ബിന്ദു.എസ്, മുളങ്കാട് ഹരിജൻ കോളനി, കണക്കോട് |
| | 17/17(6) | ബിന്ദു.എസ്, മുളങ്കാട് ഹരിജൻ കോളനി, കണക്കോട് |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.18/11.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വിവരം ശേഖരിച്ച് തുടർനടപടികൾ സ്വീകരിച്ച് രേഖാമൂലം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-11-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ 2022-23 വർഷത്തെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി പിരിച്ചെടുത്തിട്ടില്ല.

| **ക്രമ നം.** | **കെട്ടിട നം.** | **ഉടമ/സ്ഥാപനം** | **വാർഷിക നികുതി** | **കുടിശ്ശിക** |
|---|---|---|---|---|
| 1 | 4/142 A | ഇൻഡസ് ടവർ ലിമിറ്റഡ് | 4620 | 4620 (2022 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ) |
| 2 | 5/10 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 6067 | 12134 (2021 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ) |
| 3 | 8/634 | ഇൻറെസ് ടവർ | 1890 | 4620 (2022 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ) |
| 4 | 13/69 | ഭാരത് എയർടെൽ | 10500 | 10500 (2022 ഒന്നാം അർദ്ധ വർഷം |

| | | | | |
|---|---|---|---|---|
| | | ലിമിറ്റഡ് | | മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ) |

ടെലഫോൺ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/12.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-7 സേവന ഉപനികുതി സാധ്യത പരിശോധിക്കാവുന്നതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| **സേവനം** | **ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി** |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് തൻവർഷം സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജിനത്തിൽ ആകെ 3376294/- രൂപ കെ.എസ്.ഇ.ബിയിലും പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 771811/- രൂപ കേരള വാട്ടർ അതോറിറ്റിയിലും അടവാക്കിയിട്ടുണ്ട്. 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.41/17.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

## 1-11-8 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 80/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന വാണിജ്യകെട്ടിടങ്ങളെ 200ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 60/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (M2) | നികുതി നിലവിൽ വന്ന അർദ്ധവർഷം |
|---|---|---|---|---|
| 1 | 13/499/E | ഷെർളി സാബു, റാണി ജോസ്,ആരാധന | 299.86 | 2017 ഒന്നാം അർദ്ധവർഷം |

| | | ഭവൻ | | |
|---|---|---|---|---|

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 50/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി നികുതി കണക്കാക്കേണ്ടതും നികുതി ഈടാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-11-9 അനധികൃത കെട്ടിടങ്ങൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ്

1. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകൾ ലഭിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് (Demolition Of Buildings Not Regularised). എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ആകെ 17 അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235.എഎ(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേകം നമ്പർ നൽകേണ്ടതാണ്. കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിൽ ആയിരിക്കുവാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന 'U/A' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട ചില കെട്ടിടങ്ങൾക്ക് നിയമാനുസൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന രീതിയിലാണ് കെട്ടിട നമ്പർ അനുവദിച്ച നൽകിയിട്ടുള്ളത്. ചട്ടങ്ങൾ പ്രകാരം 'U/A' ചേർത്ത് പ്രത്യേക നമ്പർ അനുവദിച്ചിട്ടില്ല. അപ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉപയോഗക്രമം | തറ വിസ്തീർണ്ണം ( $M^2$) | ഉപയോഗം തുടങ്ങിയ തീയതി |
|---|---|---|---|---|
| 1 | 8/91//A | പാർപ്പിടാവശ്യം | 45.23 | 15.09.20 |
| 2 | 9/47/A | പാർപ്പിടാവശ്യം | 57.71 | 26.11.21 |
| 3 | 11/627/A | പാർപ്പിടാവശ്യം | 63.66 | 12.11.19 |
| 4 | 12/443/A | പാർപ്പിടാവശ്യം | 29.36 | 26.07.19 |
| 5 | 12/445/A | പാർപ്പിടാവശ്യം | 33.94 | 26.07.19 |
| 6 | 13/70/A | പാർപ്പിടാവശ്യം | 69 | 01.09.2018 |
| 7 | 15/520/A | പാർപ്പിടാവശ്യം | 109.95 | 06.09.19 |
| 8 | 17/217/b | പാർപ്പിടാവശ്യം | 69 | 28.11.18 |
| 9 | 18/579/B | സ്വകാര്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | 13.95 | 1.10.18 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 52/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനും അല്ലെങ്കിൽ ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-11-10 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

1. ചുവടെ പറയുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ് നമ്പർ/കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി | നികുതി കുടിശ്ശിക കാലയളവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 8/91/A | ജോസ്, ജോസ് ഭവൻ, പള്ളിമുക്ക് | 643 | 2022 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 9/47/A | സുബ്ബലക്ഷ്മി, മണ്ണെടുത്തകുഴി വീട്, മുക്കംപാലമൂട് | 1094 | 2021 രണ്ടാം അർദ്ധവർഷം മുതൽ |
| 3 | 11/627/A | ലളിത, എയ്ഞ്ചൽസ്, മരുതംകോട് | 1106 | 2019 രണ്ടാം അർദ്ധവർഷം മുതൽ |
| 4 | 12/443/A | സരസു, ചെമ്പൂക്കോണം തടത്തരികത്തു വീട് | നികുതി നിർണയിച്ചിട്ടില്ല. | 2019 ഒന്നാം അർദ്ധവർഷം മുതൽ |
| 5 | 18/422 /A(UA) | ജയന്തി.എ, വിളയിൽ വീട്, നെടുവേലി | 338 | 2022ഒന്നാം അർദ്ധവർഷം മുതൽ |

2. ചുവടെ പറയുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. പകരം ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് അനുവദിച്ചിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | വാർഷിക വസ്തുനികുതി |
|---|---|---|---|
| 1 | 12/445/A | ബേബി, ചെമ്പൂകോണം തടത്തരികത്ത് വീട് | 590 |
| 2 | 7/257/UA | ജി.രാജപ്പൻ, കടയിൽ വീട്, പൊട്ടൻപാറ | 663 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 52/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള വസ്തുനികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-12 നിലവിലുള്ള കെട്ടിടത്തിന്റെ വിവരം സൈറ്റ് പ്ലാനും , സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ പുതുതായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ "Completed Plan " -ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന " Exististing Building"- ന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിസ്തീർണ്ണവുമായി പൊരുത്തപ്പെടാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| ഫയൽ നമ്പർ | എസ്.സി.4-301/2022 |
| കെട്ടിട ഉടമ | ലൈലാബീവി.എസ്, ലൈലാമൻസിൽ |
| കെട്ടിട നമ്പർ | 11/343 A |
| ഉപയോഗക്രമം | പാർപ്പിടാവശ്യം |
| വിസ്തീർണം | 46.86 $M^2$ |

മേൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 11/244 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 79$m^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ

സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 32$m^2$ മാത്രമാണുള്ളത്. കൂടാതെ സഞ്ചയ പ്രകാരം Exististing Building ന്റെ ഉടമ ശിശുപാലൻ, ശരണ്യ ഭവൻ, മുട്ടകോണം എന്ന വ്യക്തിയാണ്. കൂടാതെ ശ്രീമതി ലൈലാബീവി സമർപ്പിച്ചിരിക്കുന്ന വസ്തുനികുതി നിർണയ റിട്ടേൺ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ നം.11/343 ആണ്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടം സംബന്ധിച്ച് പരിശോധന നടത്തിയതിൽ കെട്ടിടം ശ്രീ.താജുദ്ദീൻ, തൽഫത്ത് കോട്ടേജ്, പെരുംകുർ എന്നയാളിന്റെ പേരിലുള്ളതാണെന്നും വിസ്തീർണം 49.18$m^2$

കാണുന്നു.

2.

| | |
|---|---|
| ഫയൽ നമ്പർ | എസ്.സി.4-5230/2022 |
| കെട്ടിട ഉടമ | ഖലീഫ്, ഖലീഫാ മൻസിൽ |
| കെട്ടിട നമ്പർ | 11/134G |
| ഉപയോഗക്രമം | പാർപ്പിടാവശ്യം |
| വിസ്തീർണം | 10.69 $M^2$ |

മേൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 11/134 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 27.96$m^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 60$m^2$ ആണ്.

മേൽ പൊരുത്തക്കേട് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.47/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി അപേക്ഷ ലഭിക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ടാക്സ് റിവിഷൻ നടത്തി അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റ്/റെഗുലറൈസേഷൻ സംബന്ധിച്ച അപാകതകൾ

2022-23 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പെർമിറ്റ് പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോയെന്നും പെർമിറ്റ് കാലാവധി പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ കഴിയുന്നില്ല.

2. അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷം പെർമിറ്റിനായി ലഭിച്ച ചില അപേക്ഷകൾ ലഭിച്ച വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ചേർത്തിട്ടില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷ നം./ തീയതി | അപേക്ഷകന്റെ പേര് |
|---|---|
| 3/22/04.04.22 | അരുൺ.സി, കരുപ്പുമുകൾ |
| 28/22/07.04.22 | രഞ്ജിത്ത്, അഞ്ജന, തടത്തരികത്ത് വീട് |
| 276/22/19.04.22 | അഖിൽ.ജി.നായർ, പാർവ്വതി വിജയൻ, പ്രസന്ന വിലാസം |
| 441/22/27.04.22 | അക്ബർ ബാദ്ഷ, കരീം മൻസിൽ |
| 648/22/27.05.22 | അബ്ദുൾ മുജീബ്, ഇടത്തറപൊയ്ക വീട് |
| 691/22/.09.05.22 | വിജയമ്മ.കെ, രാജി ഭവൻ |

| | |
|---|---|
| 909/22/19.05.22 | അബ്ദുൾ ജലീൽ, ജെ.ജെ.മൻസിൽ |
| 1247/22/03.06.22 | ഇന്ദുലേഖ, ലേഖ മന്ദിരം |
| 2792/22/19.08.22 | രഞ്ജിത്ത്, ഫരീദ, രഞ്ജിത്ത് ഭവൻ |
| 3114/22/08.09.22 | അഖിൽ, കരുപ്പമുകൾ വീട് |

3. പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) ചട്ടം 15 പ്രകാരം നിർമ്മാണം നടത്തുന്നതിനുള്ള അനുവാദം സെക്രട്ടറി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ട കാലയളവ് 30 ദിവസമാണ്. എന്നാൽ മേൽ ചട്ടം അനുശാസിക്കും പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് | ബിൽഡിംഗ് പെർമിറ്റ് തീയതി |
|---|---|---|
| 227/22 /18.04.22 | അനീഷ് നായർ.വി.എസ്, കാവിൽ വീട് | 19.07.22 |
| 255/22 /19.04.22 | പ്രിയ, അയണിമൂട്ടിൽ വീട് | 19.12.22 |
| 531/22 /30.04.22 | മോഹൻലാൽ, ബീനാകുമാരി, സായൂജ്യം | 13.10.22 |
| 808/22 /16.05.22 | രഞ്ജിത്ത്, രഞ്ജിത്ത് ഭവൻ | 12.10.22 |
| 1071/22 /26.05.22 | മിനി.ജി, സുരേഷ്, ശിവകൃപ | 17.10.22 |
| 1262/22 /03.06.22 | ജിജോ വർഗ്ഗീസ്, റെനി ലിജോ, പാട്ടത്തിൽ ഹൗസ് | 14.10.22 |
| 1323/22 /07.06.22 | സജി.എസ്, ശ്രീകല, ശ്രീനിലയം | 11.04.23 * |
| 1682/22 /23.06.22 | സുരേഷ്, തടത്തരികത്ത് വീട് | 16.01.23 |
| 2144/22 /15.07.22 | നിയാസുദ്ദീൻ.എ, മുക്കോലയ്ക്കൽ വീട് | 21.06.23 * |
| 2037/22 /11.07.22 | ഷാജി.പി, ജാസ്മിൻ കോട്ടേജ് | 16.01.23 |

* 2022-23 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിച്ചിരിക്കുന്നത് 2023-24 ലാണ്. എന്നാൽ

താമസത്തിനുള്ള കാരണങ്ങളോ അപേക്ഷയിലെ അപാകത സംബന്ധിച്ച് അപേക്ഷകനെ അറിയിച്ചുകൊണ്ടുള്ള കത്തിടപാടുകളുടെ വിവരങ്ങളോ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പെർമിറ്റിന്റെ കാലാവധി അഞ്ചുവർഷമാണ്. പെർമിറ്റ് കാലാവധി പൂർത്തിയായ നിർമ്മാണങ്ങളുടെ വസ്തു നികുതി കൃത്യമായി ഡിമാൻഡ് ചെയ്യപ്പെടുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് സഞ്ചയയുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ വേണ്ടി 2016-17, 17-18 വർഷത്തെ പെർമിറ്റ് രജിസ്റ്ററുകൾ പരിശോധിച്ചുവെങ്കിലും ആയതിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. അതിനാൽ കെട്ടിട നിർമ്മാണം/അധികനിർമാണം എന്നിവയ്ക്കായി പെർമിറ്റ് എടുത്തവരുടെ കാര്യത്തിൽ ആയതു പൂർത്തിയായി കൃത്യമായി വസ്തുനികുതി ഡിമാൻഡ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധ്യമല്ല.

5. അധിക നിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ചവയുടെ കാര്യത്തിൽ നിലവിലുള്ള ബിൽഡിങ്ങിന്റെ കെട്ടിട നമ്പർ ബന്ധപ്പെട്ട റെഗുലറൈസേഷൻ രജിസ്റ്ററിൽ ചേർക്കാത്തതിനാൽ കൂട്ടിച്ചേർത്ത ഭാഗത്തിന്റെ വസ്തുനികുതി ഡിമാൻഡ് ചെയ്തിട്ടുണ്ടോ എന്ന് സഞ്ചയയിൽ പരിശോധിക്കുവാൻ സാധിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ചും ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റ് കൂടാതെ അധിക നിർമ്മാണം നടത്തുകയും തുടർന്ന് ആയത് റെഗുലറൈസ് ചെയ്യാതിരിക്കുകയും ചെയ്ത കെട്ടിടങ്ങളെ കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.42/17.10.23 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. നിലവിൽ പെർമിറ്റ് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കാറുണ്ട്. ILGMS ൽ നിന്നും കെട്ടിടങ്ങളുടെ നമ്പറിംഗ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി ഇനി മുതൽ സൂക്ഷിക്കുന്നതാണ്.

2. അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം ILGMS ൽ നിന്നും ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി ഇനി മുതൽ സൂക്ഷിക്കുന്നതാണ്.

3. നിലവിൽ അപാകത ഇല്ലാത്ത ഫയലുകളിൽ സമയക്രമം പാലിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. അപാകതയുള്ള അപേക്ഷകളിൽ അപാകത പരിഹരിച്ച് സങ്കേതം സോഫ്റ്റ്‌വെയർ മുഖേന അപേക്ഷകൻ ഫയൽ തിരികെ നൽകാത്തതിനാലാണ് തുടർനടപടി സ്വീകരിക്കാൻ കഴിയാത്തതെന്ന് അറിയിച്ചിരിക്കുന്നു.

4. പെർമിറ്റ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

5. റെഗുലറൈസേഷൻ രജിസ്റ്ററിൽ ബിൽഡിങ്ങിന്റെ കെട്ടിട നമ്പർ ചേർക്കുന്നതിനുള്ള കോളം ഇല്ലായെന്നും ഇനി മുതൽ കെട്ടിട നമ്പർ ചേർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

അനുമതി കൂടാതെയും അധിക നിർമ്മാണം നടത്തിയിട്ടുള്ളതുമായ കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനും പിഴയും നികുതിയും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് നല്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ പട്ടികളെ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ല. ചട്ടം 4(1) പ്രകാരം ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള ഗ്രാമപഞ്ചായത്തിന്റ ലൈസൻസിനായി അതിന്റെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. കൂടാതെ ചട്ടം 4(7) പ്രകാരം ലൈസൻസ് നൽകുന്നതും അത് പുതുക്കുന്നതും സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 2459 നായ്ക്കളുണ്ട്. എന്നാൽ വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം ആകെ 396 നായ്ക്കളെ വളർത്തുന്നതിന് മാത്രമാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ലഭ്യമാക്കിയ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. രജിസ്റ്ററിലെ പല ക്രമനമ്പറുകളിലും മൃഗങ്ങളുടെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വളർത്തു നായ്ക്കൾക്ക് ലൈസൻസ് അനുവദിച്ച് നൽകുന്നതിൽ സംഭവിച്ച കുറവും സ്റ്റാറ്റസ് റിപ്പോർട്ടിൽ ലൈസൻസുള്ള വളർത്തുനായ്ക്കൾ ഇല്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.28/13.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വരും വർഷങ്ങളിൽ വളർത്തുനായ്ക്കൾക്കെല്ലാം ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-15 ലൈസൻസ് - അപാകതകൾ

ലൈസൻസ് രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-15-1 ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല

ലഭ്യമാക്കിയ 2022-23 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് തൻവർഷം ലൈസൻസിനായി ലഭിച്ച അപേക്ഷകളുടെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ലൈസൻസ് രജിസ്റ്ററിലുള്ള വ്യാപാരസ്ഥാപനങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളത്. ഉദാ- വാർഡ് 19 ലെ വ്യാപാരസ്ഥാപനങ്ങൾ ഒന്നും തന്നെ തൻവർഷം ലൈസൻസിന് അപേക്ഷിക്കാത്തതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരവും വാർഡ് 19 ൽ വ്യാപാരസ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും കുറിച്ചുള്ള വാർഡ് തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്താൻ കഴിയുകയെന്നത് അസാധ്യമാണ്. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.34/17.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വരും വർഷം എല്ലാ വ്യപാരസ്ഥാപനങ്ങളെയും ഉൾപ്പടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കേണ്ടതാണ്.

## 1-15-2 എല്ലാ വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ്/ലൈസൻസ് രജിസ്റ്റർ എന്നിവ പ്രകാരം ആകെ 274 സ്ഥാപനങ്ങൾക്കാണ് 2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1901 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 131 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 12 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 7 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 78 |
| 6 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 11 |
| | ആകെ | 2140 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.34/17.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വരും വർഷം പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15-3 യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ

പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര്, വിലാസം | വ്യാപാര സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 1 | 12/122 A,B | വിജയചന്ദ്രൻ നായർ, തിരുവാതിര | തിരുവാതിര ഹോളോബ്രിക്സ് | 8 HP | 100 |
| 2 | 16/495 A | അജി.പി, അഭിനവം | വെൽഡിംഗ് വർക് ഷോപ്പ് | 3 HP | 50 |
| 3 | 9/462 | സബീന.എൻ, അജ്‌ന മൻസിൽ | ഫ്ലോർ മിൽ | 10 HP | 100 |
| 4 | 1/653 B | തൻസീർ.ബി, തൻസിന മൻസിൽ | ജ്യൂസ്, സോഡ നിർമ്മാണം | 2.68 HP (2 Kw) | 50 |
| 5 | 16/224 | കർമ്മ ചന്ദ്രൻ, കെ.എസ്സ് ഭവൻ | ഫ്ലോർമിൽ | 10 HP | 100 |
| 6 | 17/406 | വിക്രമൻ പിള്ള.എസ്, വിനോദ് ഭവൻ | ഫ്ലോർമിൽ | 15 HP | 200 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.45/18.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൻവർഷം ലൈസൻസ് നല്കിയ എല്ലാ സ്ഥാപന ഉടമകളിൽ നിന്നും യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15-4 വാണിജ്യാവശ്യത്തിന് ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് സഞ്ചയയിൽ തെറ്റായ ഉപയോഗക്രമം

2022-23 ൽ വാണിജ്യാവശ്യത്തിന് ലൈസൻസ് എടുത്തിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 4/441 | സേഫ് ഗ്രൂപ്പ് സൂപ്പർമാർക്കറ്റ് | പാർപ്പിടം |
| 2 | 13/362 | ആശുപത്രി | പാർപ്പിടം |
| 3 | 13/363 | ആശുപത്രി | പെട്ടികടകൾ |
| 4 | 13/364 | ആശുപത്രി | ഷോപ്പുകൾ |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.45/18.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഫീൽഡ് തല അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-5 ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2022-23 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. മൂലധന നിക്ഷേപം രേഖപ്പെത്തിയിട്ടുള്ളവയിൽ ലൈസൻസ് ഫീസ് കണക്കാക്കിയിരിക്കുന്നത് അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപ തുകയുടെ അടിസ്ഥാനത്തിലാണ്. ഫീൽഡ് പരിശോധന നടത്തുകയോ ബന്ധപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുകയോ ചെയ്തിട്ടില്ല. ലൈസൻസുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.43/17.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അപാകതയ്ക്കുള്ള മറുപടി ഉൾപ്പെടുത്തിയിട്ടില്ല. ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ലൈസൻസ് അനുവദിക്കുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്.

### 1-15-6 സർക്കാർ നിർദ്ദേശം - തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

1. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നം. ഡബ്ല്യൂ.എം. 1/262/2022 /ത.സ്വ.ഭ.വ തീ. 2/05/2022 നമ്പർ സർക്കുലറിൽ നിർദ്ദേശം നൽകിയിരുന്നു.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.08.2022 ലെ നം.എൽഎസ് ജിഡി-ആർഡി1/47/2022 സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
ലൈസൻസുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.43/17.10.23 നൽകിയിരുന്നു. എന്നാൽ ലഭ്യമാക്കിയ മറുപടിയിൽ ടി സർക്കാർ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം നൽകിയിട്ടില്ല. മേൽ സർക്കുലർ പ്രകാരമുള്ള തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-15-7 ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചുവടെ ചേർത്തിട്ടുള്ള ഓഡിറ്റോറിയങ്ങളിൽ വിവാഹ ചടങ്ങുകൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ രേഖകളിൽ കാണുന്നു. എന്നാൽ ടി ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി 2022-2023 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32) മറുപടി ലഭ്യമാക്കിയില്ല
.1.YMCA ഹാൾ.
2.ഗ്യാലക്സി ഓഡിറ്റോറിയം.
3.തിരുവാതിര ഓഡിറ്റോറിയം,പുളിമാത്തുർ.
4.NJMഹാൾ നന്നാട്ടുകാവ്.
5..ഊരൂട്ടുമണ്ഡപം ഗാന്ധി സ്മാരകം
6.പൂയം ഓഡിറ്റോറിയം,കൊഞ്ചിറ.
7.മാസ് ഓഡിറ്റോറിയം.
8.നൂറുൽ ജിനാൽ മദ്രസാ ഹാൾ.
9.ഗ്രാന്റ് ഓഡിറ്റോറിയം.
10.അനുഗ്രഹാഓഡിറ്റോറിയം.

പ്രസ്തുത സ്ഥാപനങ്ങൾ എഫ്.എ.റ്റി.ഇ.എ.ഒ.എസ്. ലൈസൻസ് എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നുള്ള ഫീൽഡ് അന്വേഷണം നടത്തി എല്ലാസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16 സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ അപാകതകൾ

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ച് ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. അപേക്ഷകളും ബന്ധപ്പെട്ട രജിസ്റ്ററും പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2022-23 വർഷത്തെ സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം ആകെ 8 സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകിയിട്ടുള്ളത്. എന്നാൽ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷ എന്നിവ പരിശോധിച്ചതിൽ 3 ആശുപത്രികെട്ടിടങ്ങൾക്കു മാത്രമാണ് തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്നു കാണുന്നു.

2. 2022-23 വർഷം പ്രവർത്തനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ള ശ്രീ.നീലകണ്ഠവിലാസം പാരമ്പര്യ വിഷവൈദ്യശാല എന്ന സ്ഥാപനം (കെട്ടിട നം.1/383) ബന്ധപ്പെട്ട സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല.

3. രജിസ്ട്രേഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ ഇനത്തിൽ രസീത് നം.1220105896/14.03.23 പ്രകാരം ശ്രീ.അബ്ദുൾ ജബ്ബാർ 200/- രൂപ ഒടുക്കിയതായി കാണുന്നു. എന്നാൽ ആയതു സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. കൂടാതെ ബന്ധപ്പെട്ട അപേക്ഷയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന വേറ്റിനാട് വാർഡിൽ ചെറിയാൻസ് ഹോസ്പിറ്റൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. എന്നാൽ ടി സ്ഥാപനം രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ എടുത്തിട്ടുള്ളതായി കണ്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/17.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനായി അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചട്ടപ്രകാരം പാലിക്കേണ്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീ ഇനത്തിൽ 200 രൂപയുടെ വരവുണ്ട്. എന്നാൽ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷ എന്നിവ പരിശോധിച്ചതിൽ ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്കൊന്നും തന്നെ തൻവർഷം ലൈസൻസ് അനുവദിച്ചിട്ടില്ല എന്നു കാണുന്നു.

3. ബന്ധപ്പെട്ട വരവ് ലെഡ്ജർ പരിശോധിച്ചതിൽ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീ ഇനത്തിൽ രസീത് നം.1220105406/08.02.23 പ്രകാരം അമിത.കെ.എസ് 200 ഒടുക്കിയതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപേക്ഷയും ,രജിസ്റ്ററും ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/17.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷയും ചട്ടപ്രകാരമുള്ള രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 ലേലം സംബന്ധിച്ച അപാകതകൾ

1) വെമ്പായം ഗ്രാമപഞ്ചായത്ത് കണക്കോട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് പുനർലേലം 27.09.22 ന് നടത്തുകയും 27.09.22 ലെ 9/1 നം. തീരുമാനപ്രകാരം 2022-23സാമ്പത്തിക വർഷം ശേഷിക്കുന്ന കാലയളവിലേക്ക് 9500/- രൂപ ലേല തുക വിളിച്ച ശ്രീ. ജയമോഹൻ, ശരണ്യാ നിവാസ്, കണക്കോട് എന്നയാളുടെ ലേലം ഉറപ്പിച്ചു നല്കിയത് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. എന്നാൽ ലഭ്യമാക്കിയ ലേലരജിസ്റ്ററിൽ മേൽ ലേലത്തിന്റെ വിവരങ്ങൾ ഉൾപ്പെടെ 2022-23 വർഷം നടത്തിയ ലേലങ്ങളുടെ വിശദാംശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ടി ലേല തുകയുടെ വരവ് രേഖപ്പെടുത്തി കാണുന്നില്ല.

2) ലേലത്തിൽ പങ്കെടുത്തവരും എന്നാൽ ലേലത്തിൽ വിജയിക്കാത്തവരുമായ വ്യക്തികളുടെ നിരതദ്രവ്യം ലേലസമയത്ത് തന്നെ തിരികെ നൽകേണ്ടതും ലേലഡയറിയിൽ അവരുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ ലേലത്തിൽ പങ്കെടുത്ത ശ്രീ.സന്തോഷ് കുമാർ, നിള, കണക്കോട് എന്ന വ്യക്തി നിരതദ്രവ്യ തുകയായ 1000 രൂപ തിരിച്ചു വാങ്ങിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3) ലേലഫയൽ പരിശോധിച്ചതിൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ലേലഡയറികളൊന്നും (കണക്കോട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ്, ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ) തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/12.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം.1 പ്രകാരമുള്ള ലേലം കൊണ്ട വ്യക്തി കരാറിലേർപ്പെടുന്നതിനോ തുക ഒടുക്കുന്നതിനോ തയ്യാറായില്ലെന്നും ലേലത്തുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ക്രമ നം.2,3 എന്നിവ പ്രകാരം ലേലഡയറികളിൽ ബന്ധപ്പെട്ടവരിൽ നിന്നും ഒപ്പ് വാങ്ങി ഓഡിറ്റിന് മുൻപാകെ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലേലത്തിൽ വിജയിച്ച വ്യക്തി ലേലനിബന്ധനയ്ക്കെതിരായി പ്രവർത്തിച്ച സാഹചര്യത്തിൽ ലേലം റദ്ദ് ചെയ്യാത്തതിനും പുനർലേല നടപടി സ്വീകരിക്കാത്തതിനുമുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി -അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-19-1 തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല

കേരള തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 205(l) പ്രകാരം,ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ടുള്ള വാർഡു തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വെമ്പായം ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം അപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1)മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്ന സ്ഥാപനങ്ങളെ മാത്രം രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ ഗ്രാമ പഞ്ചായത്ത്പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളുടെ വിവരം ടി രജിസ്റ്ററുകളിൽ ലഭ്യമല്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന പൂർണ്ണമായ വിവരത്തിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത്പരിധിയിൽ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ, സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തുക സാധ്യമല്ല. തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നതിനാലും ഈയിനത്തിലുള്ള വരുമാനം കുറയും എന്നതിനാലും ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

### 1-19-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ആകെ 15 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത കരാറുകാർ എല്ലാം തന്നെ വർഷങ്ങളായി കോണ്ട്രാക്ടർ ലൈസൻസുള്ളവരാണെന്ന് മരാമത്ത് പ്രവൃത്തി ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസ് പകർപ്പുകളിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പ വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 1 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-19-3 സഹകരണ സംഘങ്ങൾ- തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുകയോ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം, സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 വർഷം, പഞ്ചായത്ത് ഓഫീസിനടുത്തുള്ള രണ്ടു വാർഡുകളിലായി സ്ഥിതി ചെയ്യുന്ന, താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുകയോ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

1. കണക്കോട് ക്ഷീരോത്പാദക സഹകരണ സംഘം
2.ദേവി നഗർ ക്ഷീരോത്പാദക സഹകരണ സംഘം
3.വേറ്റിനാട് ക്ഷീരോത്പാദക സഹകരണ സംഘം
4. കൊഞ്ചിറ ക്ഷീരോത്പാദക സഹകരണ സംഘം
5.കല്ലൂർക്കോണംക്ഷീരോത്പാദക സഹകരണ സംഘം

ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.40) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

### 1-19-4 സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം വിറ്റുവരവുള്ള സ്ഥാപനങ്ങൾ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രതിവർഷം, വരുമാനത്തിന് ആനുപാതികമായ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.

A) താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധ വർഷം മാത്രമേ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളൂ.

1. വെമ്പായം സർവ്വീസ് സഹകരണ ബാങ്ക്.

2. BEVCO

B) താഴെ പറയുന്ന സ്ഥാപനങ്ങൾ ഒന്നാം അർദ്ധ വർഷം മാത്രമേ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളൂ.

1. ജാസ്മിൻ സാമിൽ

2. SAFഹോസ്പിറ്റൽ

3. സെന്റ് തോമസ് സ്കൂൾ

4. ഹോളിക്രോസ് ഹോസ്പിറ്റൽ

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23) ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-19-5 ധനകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ഐ) പ്രകാരം, തൊഴിൽ നികുതി നിലവിലുള്ളതും പുതുതായി നിലവിൽ വന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിനടുത്തുള്ള രണ്ടു വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ,താഴെപറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ, തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

1.CP ഫിനാൻസ്,വേറ്റിനാട്

2.കാത്തലിക് സിറിയൻ ബാങ്ക്,തേക്കട.*

*ടി സ്ഥാപനം സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളെ വരും വർഷങ്ങളിൽ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും,ജീവനക്കാരുടെ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-20 ഷോപ്പിംഗ് കോംപ്ലക്സ് റൂം വാടക - കുടിശ്ശിക ഈടാക്കേണ്ടതാണ്

1. വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ 2022-23 വർഷത്തെ വാടക പൂർണമായും ഒടുക്കിയിട്ടില്ല എന്നു കാണുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | കടമുറി നമ്പർ | 2022-23 ലെ മാസവാടക | കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക |
|---|---|---|---|---|
| കണക്കോട് | 6,7,8 | 6038 | 02/23, 03/23 | 12076 |
| | 9 | 504 | 01/23 മുതൽ 03/23 വരെ | 1512 |
| അയിരൂപ്പാറ | 2 | 2101 | 01/23 മുതൽ 03/23 വരെ | 6303 |
| | 3 | 2241 | 01/23 മുതൽ 03/23 വരെ | 6723 |
| | 8 | 1271 | 04/22 മുതൽ 03/23 വരെ | 15252 |

| | |
|---|---|
| ആകെ | 41866 |

2. വാടക രജിസ്റ്ററിലെ ഡിസിബി സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡിസിബി സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് എന്നിവ പ്രകാരം 2022-23 ൽ ലഭിക്കാനുള്ള ബാലൻസ് തുക 56154 രൂപയാണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ മേൽപട്ടിക പ്രകാരമുള്ള 41866 രൂപയും 2022-23 വർഷം ക്യാന്റീൻ വാടകയിൽ കുടിശ്ശികയുണ്ടായിരുന്നതും 2023-24 ൽ ലഭിച്ചിട്ടുള്ളതുമായ 8250 രൂപയും (01/23 മുതൽ 03/23 വരെ) ചേർത്ത് ആകെ 50116 രൂപയാണ് 31.03.23 ൽ കുടിശ്ശികയുണ്ടായിരുന്നത്. തുകകളിലെ വ്യത്യാസം സംബന്ധിച്ച് വ്യക്തതയില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 38/17.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കുടിശ്ശിക തുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും തുകകൾ തമ്മിലുള്ള വ്യത്യാസം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാടകയിനത്തിലെ കുടിശ്ശിക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 നികുതി/നികുതിയേതര വരവുകൾ - അവലോകനം

2022-23 വർഷത്തെ വെമ്പായം ഗ്രാമ പഞ്ചായത്തിലെ നികുതി - നികുതിയേതര വരവിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/09.10.23 ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

| A | തനത് വരുമാനം. | | |
|---|---|---|---|
| ക്രമനം. | വിഷയം | തദ്ദേശസ്ഥാപനത്തിന്റെ മറുപടി | ഓഡിറ്ററുടെ അഭിപ്രായം/ നിർദ്ദേശം |
| 1 | A.സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുക.<br>B.കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക. | കേസ് നിലനിന്നിരുന്നതിനാൽ 2022-2023 വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. | |
| 2 | തനതുവരുമാനങ്ങൾ (നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്) പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | കേസ് നിലനിന്നിരുന്നതിനാൽ 2022-2023 വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. | വാർഷിക ധനകാര്യ പത്രിക പ്രകാരം തനത് വരുമാനത്തിൽ കുടിശ്ശികയുണ്ട്. |
| 3 | തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കുടിശ്ശികയായ തുകയുടെ വിവരം ഇനം, വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശികയുടെ വിവരം ലഭ്യമാക്കിയിട്ടുണ്ട്. | ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡ് പ്രകാരമുള്ള തനത് വരുമാന കുടിശ്ശിക തുകകളുടെ വിവരമാണ് ലഭ്യമാക്കിയിട്ടുള്ളത്. കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |
| 4 | 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | നടപ്പാക്കിയിട്ടില്ല. 15.06.2023 ലെ 5-ാം നമ്പർ തീരുമാന പ്രകാരം വസ്തു നികുതി പരിഷ്കരണ നിരക്കുകൾ | 11.07.2023 ലെ 3(1) നമ്പർ പ്രകാരം ഭരണസമിതി അംഗീകരിച്ച കരട് വിജ്ഞാപനം അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചു. | |
| 5 | നികുതി,നികുതിയേതര വരുവുകളുടെ ഡിമാൻഡ് ,പിരിവ് പുരോഗതി ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി വിലയിരുത്തിയ യോഗങ്ങളുടെ തിയതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുക? | 2022-2023 വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല | തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ്കമ്മിറ്റി അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്. |
| 6 | തനത് വരവ് രജിസ്റ്ററുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച തിയതികൾ ഏതെല്ലാം. | 2022-2023 വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല | |
| B. വസ്തുനികുതി.(വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ) | | | |
| 1 | ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് ,ILGMS (വാർഷികധനകാര്യപത്രിക) വരവ്,സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടോ.?<br>ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക | ഇല്ല. ഓൺലൈൻ പേയ്മെന്റ് വരവ് വൈകി ലഭ്യമാകുന്നതിനാൽ പൊരുത്തപ്പെടാറില്ല. | വസ്തു നികുതി വരവ് പ്രതീക്ഷിത വരവുമായി പൊരുത്തപ്പെടുന്നില്ല. ഓൺലൈൻ പേയ്മെന്റ് യഥാസമയം ലഭിക്കുന്നില്ല. ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 47022 രൂപ IKM അക്കൗണ്ടിൽ നിന്നും പേമെന്റ് ഗേറ്റ്വേ മുഖേന പഞ്ചായത്തിന് ലഭിക്കാനുണ്ട്. |
| 2 | 1-4-2023-ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പിക്കിയിട്ടുണ്ടോ.? ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുക? | കര് വിഞ്ജാപനം പ്രസിദ്ധീകരിച്ചു. | 11.07.2023 ലെ 3(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച കരട് വിജ്ഞാപനം അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 3 | 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് എത്രയായിരുന്നുവെന്നും<br>പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിലായപ്പോഴുള്ള ഡിമാൻഡ് എത്രയായിരുന്നെന്നും വ്യക്തമാക്കുക? | A.പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആകുന്നതിന് മുമ്പുള്ള ഡിമാൻഡ് തുക- 11032527 B.പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയപ്പോഴുള്ള ഡിമാൻഡ് തുക – അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല. | 11.07.2023 ലെ 3(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച കരട് വിജ്ഞാപനം അന്തിമമാക്കിയിട്ടില്ലാത്തതിനാൽ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയിട്ടില്ല. |
| 4 | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിഞ്ജാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ | ഇല്ല | 11.07.2023 ലെ 3(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച കരട് വിജ്ഞാപനം അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് |

| | | | |
|---|---|---|---|
| | ആയതിന്റെ തിയതി,തീരുമാനം നമ്പർ. | | |
| 5 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്യതിട്ടുണ്ടോ.? | ഉണ്ട് | സഞ്ചയ പ്രകാരം 32 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്. |
| 6 | തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ ) ചട്ടം 7 പ്രകാരം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ തിയതി ,തീരുമാന നമ്പർ. | അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല. | മേഖലാ വിഭജനം സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 7 | റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതിന്റെയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിർണയിക്കുന്നതിന്റെ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുക | നടത്തിയിട്ടില്ല | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ ഓരോ ഗ്രാമപഞ്ചായത്തും അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കുമായി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമ മേഖലകൾ ദ്വിതീയ മേഖലകൾ , തൃതീയ മേഖലകൾ എന്നിങ്ങനെ തരം തിരിക്കേണ്ടതും മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേഖലാ വിഭജനവുമായി ബന്ധപ്പെട്ട മാപ്പ് തയ്യാറാക്കേണ്ടതാണ്. |
| 8 | തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ. | നടത്തിയിട്ടില്ല. | നികുതി ചോർച്ച കണ്ടെത്താൻ ഫീൽഡ് തല അന്വേഷണം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. |
| 9 | എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടോ.? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക? | ഉണ്ട് | |

| | | | |
|---|---|---|---|
| 10 | A.അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത് ഹാജരാക്കുക.<br>B.അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക (തൻവർഷം) | സൂക്ഷിച്ചിട്ടില്ല. | അനധികൃത കെട്ടിടങ്ങളുടെ 2022-23 വർഷത്തെ നികുതി പൂർണമായി പിരിച്ചെടുത്തിട്ടില്ല. അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്. |
| 11 | തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും 02.02.2022 ലെ RD3/94/2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശികയില്ലാതെ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ. | കുടിശ്ശികയുണ്ട്. | കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 12 | തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക? പ്രസ്തുത നികുതിയിനത്തിൽ കുടിശ്ശികയില്ല എന്ന് ഉറപ്പ് വരുത്താറുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക? | നിലവിൽ വെമ്പായം ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. | തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു. |
| 13 | കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 31 പ്രകാരം വസ്തുനികുതിയിന്മേൽ സർചാർജ് ചുമത്തേണ്ട സാഹചര്യം നിലവിലുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | ഇല്ല | |
| 14 | നികുതിയിളവ് നൽകിയ കെട്ടിടങ്ങുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടോ.? | ILGMS നിലവിൽ വന്നതിനു ശേഷം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്ററുകൾ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതാണ്. |
| 15 | A.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടോ?<br>B.കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം )ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ | A. ഇല്ല<br>B. ഇല്ല | സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | ലഭ്യമാക്കുക | | |
| 16 | പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ.? | ഇല്ല | |
| 17 | ILGMS-ൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തതായി ഉറപ്പുവരുത്തിട്ടുണ്ടോ.? | ഉണ്ട് | |
| 18 | എല്ലാ മാനവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തിയതായി സെക്രട്ടറി ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | |
| 19 | തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഇല്ല | തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| D. | വിനോദ നികുതി | | |
| 1 | തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകളുടെ വിവരം ലഭ്യമാക്കുക. | സിനിമാതീയറ്ററുകൾ ഇല്ല | |
| 2 | അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കോർട്ട്,ഇൻഡോർ ക്ലബ് ./സ്റ്റേഡിയം,നീന്തൽകുളങ്ങൾ,കേബിൾ ,ടി.വി നെറ്റ് വർക്ക്,ഹൌസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റിയോ,ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക | 2022-2023 വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. | വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ശുപാർശ സമർപ്പിക്കാവുന്നതാണ്. |
| E | നികുതിയേതര വരവുകൾ | | |
| 1 | ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ.? | ഉണ്ട് | ലഭ്യമാക്കിയ ആസ്തിരജിസ്റ്റർ കാലികമല്ല. |
| 2 | കുളങ്ങൾ,മാർക്കറ്റുകൾ,ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടോ? | ഫലവൃക്ഷങ്ങൾ കൃത്യസമയത്ത് ലേലം ചെയ്ത് മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ട്. | A.മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം കൊണ്ട വ്യക്തി കരാറിലേർപ്പെടുന്നതിനോ തുക ഒടുക്കുന്നതിനോ തയ്യാറാകാതിരുന്നിട്ടും ലേലം റദ്ദ് ചെയ്യുകയോ പുനർലേലം നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി ഇനത്തിലുള്ള വരവ് നഷ്ടപ്പെട്ടു.<br>B.പഞ്ചായത്തിലെ പൊതു കുളങ്ങൾ മത്സ്യകൃഷിക്കായി |

| | | | |
|---|---|---|---|
| | | | ലേലം ചെയ്തു നൽകുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്. |

നികുതി/നികുതിയേതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിലും അവതരിപ്പിക്കാവുന്നതും ഭരണസമിതിയുടെ അംഗീകാരത്തോടെ നികുതി - നികുതിയേതര വരവുകളുടെ പിരിവ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-22 വെള്ളക്കരം-ബില്ലുകളിൽ പൊരുത്തക്കേട്

ഗ്രാമപഞ്ചായത്ത് പ്രതിമാസം 49198/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നത്. ആകെ 102 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. എന്നാൽ KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. 2022 ഡിസംബർ മാസം വരെയുള്ള ബില്ലുകളിൽ ആണ് ഇപ്രകാരം Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുക ഡിമാന്റ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2022 മെയ് മാസത്തെ ബിൽ പ്രകാരം, Closing Balance As On 30/4/22 - 152479/-രൂപയും, Demand For The Month – 49198/- രൂപയും, ഫൈൻ – 3010/- രൂപയും ചേർത്ത് ആകെ Amount Payable-204687/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ 49198/- രൂപ മാത്രമേ KWA യ്ക്ക് നല്കിയിട്ടുള്ളൂ. 2022 ജനുവരി മാസം മുതലുള്ള ബില്ലുകളിൽ നിന്ന് Closing Balance, Fine എന്നിവ അപ്രത്യക്ഷമായിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കിയതിന്റെ വിശദാംശവും, ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 11ന് മറുപടി ലഭ്യമാക്കിയില്ല. ടി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-23 വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക വരുന്നത് ഒഴിവാക്കണം

ജനറൽ കമ്മിറ്റിയുടെ 21/3/23ലെ തീരുമാനം നം.2-2 പ്രകാരം കന്യാകുളങ്ങര എൽ.പി.എസിന്റെ 2017 മെയ് മാസം മുതൽ 2023 മാർച്ച് വരെയുള്ള വെള്ളക്കരം കുടിശ്ശിക KWA നടത്തിയ അദാലത്തിൽ കുറവു ചെയ്തു കിട്ടിയതായും, അതു പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ പ്രകാരം, 46651/- രൂപ അടയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. വെള്ളക്കരം ഇനത്തിൽ ഈ വിധം ഭീമമായ കുടിശ്ശിക വരാനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 25ന് ലഭ്യമാക്കിയ മറുപടിയിൽ, ആദ്യ കാലങ്ങളിൽ KWA യഥാസമയം ബിൽ ലഭ്യമാക്കാത്ത സാഹചര്യത്തിലാണ് ഈ വിധം വൻ തുക കുടിശ്ശിക വന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വെള്ളക്കരം, കുറവു ചെയ്തുകിട്ടിയ ശേഷമുള്ള ബിൽ തുക ആയ 46651രൂപ 27/3/23ൽ KWA യിൽ അടച്ചിട്ടുള്ളതായും ടി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം, ഇലക്ട്രിസിറ്റി ബിൽ എന്നിവ യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ ഘടക സ്ഥാപനമേധാവികൾക്ക് ഭരണ സമിതി നിർദ്ദേശം നല്കേണ്ടതാണ്. KWA, KSEB എന്നിവയുടെ ഭാഗത്തു നിന്നുള്ള വീഴ്ചമൂലം പഞ്ചായത്തിന് ധനനഷ്ടം വരുന്നത് ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-24 തെരുവു വിളക്ക പരിപാലനം-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 161/23 |
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്ക പരിപാലനം-ജീവനക്കാരുടെ വേതനം – വാഹന സൗകര്യം ഒരുക്കൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 900000/-രൂപ |
| ചെലവ് | 488620/-രൂപ |
| ഫണ്ട് | തനത് ഫണ്ട് |

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ, പരിപാലനം എന്നിവക്കായി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിയുമായി

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1) തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
2) പ്രവൃത്തി പൂർത്തീകരിച്ചത് സാക്ഷ്യപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.
3) സർക്കുലർ നം.177/DA3/2018/തസ്വഭവ.തീയതി.7-11-17 ൽ നിഷ്കർഷിച്ചിട്ടുള്ള വിധം റീടെൻഷൻ തുക,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.14) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ അനിശ്ചിതമായി നീളുന്നു.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും, അനിശ്ചിതമായി നീളുകയും, നാളിതു വരെ പൂർത്തികരിക്കാത്തവയുമാണ്.

| ക്രമ നം. | പ്രോജ.നം.,പേര് | കരാർ തീയതി | പൂർത്തീകരണ കാലാവധി | എസ്റ്റിമേറ്റ് തുക (രൂപ) |
|---|---|---|---|---|
| 1 | 47/23, പുങ്കംമൂട്, ഗവ.എൽ.പി.എസ്. മെയിന്റനൻസ് | 15-2-21 | 6 മാസം | 200000 |
| 2 | 63/23, തിട്ടയത്ത്കോണം-മേലേവിള റോഡ് മെയിന്റനൻസ് | 24-2-22 | 6 മാസം | 300000 |
| 3 | 124/23, വെട്ടുപാറ -മുണ്ടൻ കോളനി റോഡിൽ പാലം നിർമ്മാണം | 5-1-22 | 6 മാസം | 238000 |

താരതമ്യേന ചെറിയ അടങ്കൽ തുകയുള്ളതും അറ്റകുറ്റപ്പണികൾ മാത്രം ഉൾപ്പെടുന്നവയുമായ പദ്ധതികൾ ആയിരുന്നിട്ടും, ഈ വിധം ടി പ്രവൃത്തികൾ അനിശ്ചിതമായി നീളുന്നതിന് വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി (നം.56) ന് ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു. മരാമത്തു പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-26 ഉപയോഗ ശൂന്യമായ വസ്തുക്കൾ കയ്യൊഴിയേണ്ടതാണ്

പഞ്ചാത്ത് ഓഫീസ് കെട്ടിടത്തിന്റെ വശത്തും MNREGS ഓഫീസിനു മുന്നിലുമായി ഉപയോഗ ശൂന്യമായ മോട്ടോർ, ഫാൻ, ഫർണിച്ചറുകൾ എന്നിവ കൂട്ടിയിട്ടിരിക്കുന്നുണ്ട്. ചിത്രം ചുവടെ ചേർക്കുന്നു.








ടി വസ്തുക്കൾ ലേലം ചെയ്യാൻ സർക്കാർ ഉത്തരവ് നം. ബി1/85/2020/SPD തീയതി 6/7/21 പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39) ടി വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്ത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-27 പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ധനസഹായം-അർഹമായ നിരക്കിൽ നല്കിയില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ബിരുദ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എസ്.റ്റി.വിഭാഗം |
| പദ്ധതി നമ്പർ | 219/23 |
| പദ്ധതി അടങ്കൽ | - 60000 (വികസന ഫണ്ട് TSP) |
| പദ്ധതി ചെലവ് | - 60000 (വികസന ഫണ്ട് TSP) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ | 266/09.01.2023 – 20000/-,<br>296/01.02.2023 – 40000/- |

മേൽ പദ്ധതി പ്രകാരം പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന കോഴ്സ് പരിഗണിച്ച് സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. എന്നാൽ പ്രോജക്ട് ഫയൽ, ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കീർത്തന.S.S.എന്ന വിദ്യാർത്ഥി BDS കോഴ്സിനാണ് പഠിക്കുന്നത്. ജി.ഒ. (എം.എസ്) 115/2022/ത.സ്വ.ഭ.വ. തീയതി 28-5-22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7-2-4 പ്രകാരം മെഡിക്കൽ വിദ്യാർത്ഥികൾക്ക് അർഹമായ പ്രതിവർഷ സ്കോളർഷിപ്പ് 30000/- രൂപയാണ്. എന്നാൽ ടിയാൾക്ക് 20000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഇപ്രകാരം അർഹതയുള്ളതിൽ കുറഞ്ഞ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചത് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 19) ലഭ്യമാക്കിയ മറുപടിയിൽ അസി.സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുറവായി നല്കിയ 10000/- രൂപ വരും വർഷത്തെ സ്കോളർഷിപ്പ് തുകയോടൊപ്പം നൽകാൻ ജനറൽ കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 സ്പിൽ ഓവർ പ്രോജക്ടുകൾ -നടപ്പിലാക്കിയില്ല.

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. 29.03.2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2022-'23 വർഷം ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകളിൽ 13പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | SO 72, സ്മാർട്ട് അംഗൻവാടി | അസി.എഞ്ചിനീയർ |
| 2 | SO 46, റോഡ് കണക്ടിവിറ്റി മാപ്പ് | അസി.എഞ്ചിനീയർ |

| | | |
|---|---|---|
| 3 | SO 45, സ്കൂൾ ടോയ്ലറ്റ് നിർമ്മാണം | അസി.എഞ്ചിനീയർ |
| 4 | SO 50 -കൈതറമൂഴി-വലിയ കാവ് കല്വങ്ക് നിർമ്മാണം | അസി.എഞ്ചിനീയർ |
| 5 | SO 73, കന്യാകുളങ്ങര-കമുകറക്കോമം സൈഡ് വാൾ | അസി.എഞ്ചിനീയർ |
| 6 | SO 74, അംഗൻവാടി കളിൽ സോക്ക് പിറ്റ് | അസി.എഞ്ചിനീയർ |
| 7 | S0-60-മൈലാട്ടുമുകൾ -തോട്ടുമുക്ക് പാർശ്വഭിത്തി നിർമ്മാണം | അസി.എഞ്ചിനീയർ |
| 8 | SO-49-ഉമ്പൂർമുഴി വേസ്റ്റ് മാനേജ്മെന്റ് | അസി.എഞ്ചിനീയർ |
| 9 | SO-90- ആശ്രയ ഭവനപുനരുദ്ധാരണം | അസി.സെക്രട്ടറി |
| 10 | S0-25-നിലാവ് മീറ്റർ സ്ഥാപിക്കൽ | സെക്രട്ടറി |
| 11 | SO-23-ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കൽ | സെക്രട്ടറി |
| 12 | SO 24, സ്മാർട്ട് അംഗൻവാടി വിഹിതം നല്കൽ | സെക്രട്ടറി |
| 13 | SO. 91-സ്കൂൾ പ്രകൃതി സൗഹൃദമാക്കൽ | ഹെഡ് മിസ്ട്രസ് |

സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. നടപ്പിലാക്കാത്ത മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. ഇവയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ഫണ്ടുകൾ പാഴാകാനുള്ള സാധ്യതയുണ്ട്. ഓഡിറ്റ് അന്വേഷണം -30/ 2023 പ്രകാരം ഈ വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. സ്പിൽ ഓവർ പദ്ധതികൾ അതത് വർഷം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 വീട് വാസയോഗ്യമാക്കൽ, ലൈഫ് ഭവന പദ്ധതി-രജിസ്റ്റർ സൂക്ഷിക്കുന്നതിൽ അപാകത

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ വീട് വാസയോഗ്യമാക്കൽ, ലൈഫ് ഭവന പദ്ധതി എന്നീ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രവർത്തനങ്ങളുടെ വിവധ ഘട്ടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കാണ് തുകകൾ കൈമാറുന്നത്. സാംഖ്യയിൽ നിന്ന് എടുത്തിട്ടുള്ള ബില്ലുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുകകൾ നേരിട്ട് നൽകുന്ന രീതിയാണ് നിലവിൽ അവലംബിച്ചിട്ടുള്ളത്. സാംഖ്യയിൽ ഓഡിറ്റ് ലോഗ്ഇൻ ലഭ്യമാകാത്തതിനാൽ ഗുണഭോക്താക്കൾക്ക് തുകകൾ കൈമാറിയതിന്റെ കൃത്യത രജിസ്റ്റർ പരിശോധനനടത്തിയാണ് ഉറപ്പാക്കുന്നത്. വെമ്പായം ഗ്രാമപഞ്ചായത്തിൽ വീട് വാസയോഗ്യമാക്കൽ, ലൈഫ് ഭവനപദ്ധതി എന്നിവയ്ക്കായി സൂക്ഷിച്ചിട്ടുള്ള അക്വിറ്റൻസ് രജിസ്റ്ററിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിശദാംശം ചേർത്തിട്ടില്ല . ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു, 19.10.2023 ൽ 57 ാം നമ്പരായി നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന്, ഭാവിയിൽ മേൽ അപാകം പരിഹരിക്കാം എന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അക്വിറ്റൻസ് രജിസ്റ്ററിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിശദാംശം ചേർക്കേണ്ടതാണ്.

## 1-30 പി.എച്ച്.സി. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ 21183/-രൂപ ഉപകരണങ്ങൾ ലഭ്യമാകുന്നതു വരെ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം., പേര് | 37, പി.എച്ച്.സി. ലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ തുക | 21183 /- (തനത് ഫണ്ട്) |
| ചെലവ് തുക | 21183/- |
| ചെക്ക് നമ്പർ, തീയതി | 5900498, 06.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |

എഫ്.എച്ച്.സി. യുടെ പ്രവർത്തന ആവശ്യത്തിലേക്ക് കമ്പ്യൂട്ടർ KELTRON ൽ നിന്നും വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കമ്പ്യൂട്ടർ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരം ഫയലിൽ ലഭ്യമല്ല. ടി വിവരങ്ങൾ ആരാഞ്ഞ് 10.10.2023 തീയതിയിൽ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ കമ്പ്യൂട്ടർ നിലവിൽ ലഭ്യമായിട്ടില്ല എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുണ്ട്. ആകയാൽ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ള 21183/-

രൂപ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതുവരെ തടസ്സത്തപ്പെടുത്തുന്നു. പ്രോജക്ട് പ്രകാരമുള്ള കമ്പ്യൂട്ടർ ലഭ്യമാക്കുമ്പോൾ സ്റ്റോക്കിൽ ഉൾക്കൊള്ളിച്ച് ഓഡിറ്റിനെ അറിയിച്ച് തടസ്സം നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ഹരിതകർമ്മ സേനയ്ക്കായി ലഭ്യമാക്കിയ വാഹനം ഉപയോഗശൂന്യം- വാടക വാഹനം ഉപയോഗിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | 302/23, ഹരിതകർമ്മ സേനയ്ക്ക് വാഹന വാടക |
| അടങ്കൽ തുക | 30000/- (തനത് ഫണ്ട്) |
| ചെലവ് തുക | 13400/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |

ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിനായി വാഹന വാടക നൽകുന്നതിനാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ഉള്ള വാഹനം (Register Number KL-21 X 9141) നിലവിലുള്ളപ്പോൾ വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് വിശദീകരണം ആരാഞ്ഞ് 19.10.2023 തീയതിയിൽ 57-ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയിട്ടുള്ളതാണ്. പ്രസ്തുത വാഹനം ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമാണ് ലഭ്യമായിട്ടുള്ളതെന്നും വാഹനം പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയിൽ ആണെന്നും, ആയതിനാൽ വാഹനം ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുള്ളതായും മറുപടി നൽകിയിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ വാഹനത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, ടി വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച് ഇരു പഞ്ചായത്തുകളും തമ്മിൽ എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. അതിനാൽ തന്നെ ടി വാഹനത്തിന്റെ രേഖകൾ ഒന്നും തന്നെ VEO യുടെ പക്കൽ ഇല്ല. രേഖകളുടെ അഭാവത്തിൽ വാഹനത്തിന്റെ വാറന്റി, മെയിന്റനൻസ് വ്യവസ്ഥകളെ സംബന്ധിച്ച് വ്യക്തതയില്ല. ഇക്കാരണങ്ങളാൽ ലക്ഷങ്ങൾ വിലമതിക്കുന്ന വാഹനം, വാങ്ങിയ ആവശ്യത്തിലേക്ക് ഉപയോഗത്തിൽ പോലും വരുത്താൻ പറ്റാതെ ഉപയോഗശൂന്യമാകുന്ന സ്ഥിതി സംജാതമായിരിക്കുന്നു.ആയത് പൊതുപണത്തിന്റെ ദുർവ്യയമാണ്. വാഹനം ഉപയോഗയുക്തമാക്കി തിരികെ പഞ്ചായത്തിന് ലഭ്യമാക്കുന്നതിനും അതുവഴി ഹരിതകർമ്മസേനയ്ക്ക് വാഹനവാടക ചെലവ് ഒഴിവാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-32 പദ്ധതിനിർവ്വഹണം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം., വിവരണം | 222, പാലിയേറ്റീവ് കെയറിൽ ഉൾപ്പെട്ട ഡയാലിസിസ് രോഗികൾക്ക് ധനസഹായം |
| അടങ്കൽ തുക | 432000/- (തനത് ഫണ്ട് -216000/-, ജില്ലാ പഞ്ചായത്ത് വിഹിതം - 216000/-) |
| ചെലവ് തുക | 178600/- (തനത് ഫണ്ട്) |
| ബില്ല് തീയതി | 04/1709, 30.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |

മേൽ പ്രോജക്ട് പ്രകാരം 178600/- രൂപ ജില്ലാപഞ്ചായത്തിലേക്ക് നൽയിട്ടുള്ളതാണ്. ടി പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1) 28.05.2022 തീയതിയിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.7 പ്രകാരം പ്രസ്തുത പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ജില്ല പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

2) ഗുണഭോക്താക്കളുടെ പട്ടിക ഫയലിൽ ലഭ്യമല്ല.

3) ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ഫയലിൽ ലഭ്യമല്ല.

ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 19.10.2023 ന് 53ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും, മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിനിർവ്വഹണം മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിന് വിരുദ്ധമായി നടത്തിയിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-33 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ- ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ., തീയതി 19/4/22 ലെ ഖണ്ഡിക 8-14,പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി

ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം, റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. അതോടൊപ്പം തന്നെ, സ്വാഭാവിക ജലനിർഗ്ഗമനം സുഗമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലുള്ള റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് സംവിധാനം ഉറപ്പു വരുത്തണം. ഗ്രാമ പഞ്ചായത്ത് തൻവർഷം നിരവധി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, റോഡുമായി ബന്ധപ്പെട്ട ഓടകൾ, സൈഡുവാളുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഇവ ഏറ്റെടുത്തിരിക്കുന്നത്.റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുവേണ്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും (പ്രോജക്ട് നം.46) ആയത് നടപ്പിലായിട്ടില്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1)മറുപടി ലഭ്യമാക്കിയ മറുപടയിൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

## 1-34 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ വാഹനങ്ങൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി, സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.വെമ്പായം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1)ജനറൽ കമ്മിറ്റിയുടെ 15-12-22ലെ തീരുമാനം നം. 1-4 പ്രകാരം വിവിധ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.ടി തീരുമാനം നടപ്പിലായതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ടി വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 29) ലഭ്യമാക്കിയ മറുപടിയിൽ, ആയവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 281150/- രൂപ നഷ്ടമായി

ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് ജി.ഒ(എം.എസ്)നം. 179/2022/ഫിൻ തീ. 18.10.2022 പ്രകാരം സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ.(സാധാ) നം. 1049/2023/ ധന തീ. 13.02.2023 പ്രകാരം ലഭ്യമാക്കിയതിൽ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 281150 രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.16/11.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നതിനാൽ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി -നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-36 സർക്കാർ ഉത്തരവ് പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

തനത് വരുമാനത്തിലെ കടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കണമെന്ന് 1.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം തയ്യാറാക്കിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

ബി) നികുതി, നികുതിയേതര വരുമാനത്തിന്റെ അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പ്രകാരം ചുവടെ ചേർക്കുന്ന കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

| ഹെഡ് .നം. | ഇനം | കുടിശ്ശിക(രൂ) |
|---|---|---|
| 431400102 | Rent Receivables From Buildings(Arrears) | 92590 |
| 431100104 | Receivables For Property Tax On Non-Residential Buildings (Arrears) | 284792 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 401094 |

സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കുന്നതിനും മേൽ കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.16/11.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കുടിശ്ശിക തുകകൾ അടവാക്കണമെന്ന് അറിയിച്ചുകൊണ്ട് കത്തുകൾ നൽകിയിട്ടുണ്ടെന്നും തിരിച്ചടയ്ക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുമെന്നുമുള്ള മറുപടി മാത്രമാണ് നൽകിയത്. കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത്‌രാജ് നിയമം , 1994 വകുപ്പ് 243 (1) പ്രകാരം കിട്ടാനുള്ള നികുതി, മറ്റ് സംഖ്യകൾ പിരിച്ചെടുക്കുന്നതിനുള്ള കാലയളവ് 3 വർഷമാണ്. ടി കാലയളവിനുള്ളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്ത പക്ഷം പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുമെന്നതിനാൽ തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ അടിയന്തിര പ്രാധാന്യം നൽകി തയ്യാറാക്കി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-37 വാതിൽപ്പടി സേവനത്തിനുള്ള അക്കൗണ്ട് ആരംഭിച്ചതിനുള്ള രേഖ ലഭ്യമാക്കിയില്ല

22.09.2021 ലെ ത സ്വ ഭ (ഇഡബ്ല്യുബി) വകുപ്പിന്റെ 1821/2021 നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണം വാതിൽപ്പടി സേവന പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെയും പേരിൽ ഫെഡറൽ ബാങ്ക് വെമ്പായം ശാഖയിൽ ഒരു സംയുക്ത അക്കൌണ്ട് ആരംഭിക്കുന്നതിന് ഭരണസമിതി 7.04.22 ലെ 3(3) നം. തീരുമാനപ്രകാരം അംഗീകരിച്ചു തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/13.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-38 ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭിക്കേണ്ട തുക നാളിതുവരെ ലഭിച്ചിട്ടില്ല

ഭൂജല വകുപ്പിൽ നിന്നുള്ള 20.08.22 ലെ ജി.ഡബ്ള്യൂ/ഡി.ഒ.റ്റി/1274/2020 നം. കത്ത് പ്രകാരം 425508/- രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്. പ്രസ്തുത കത്തിൽ വകുപ്പിൽ ബാക്കി നിൽക്കുന്ന 74492 രൂപ തിരിച്ചു നൽകുന്നതിനായി പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ട് വിവരങ്ങൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അക്കൗണ്ട്സ് പരിശോധിച്ചതിൽ ടി തുക നാളിതുവരെ ലഭ്യമായിട്ടില്ല എന്നു കാണുന്നു. തുക ലഭ്യമാക്കാത്തതിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/13.10.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം വ്യക്തമാക്കേണ്ടതാണ്.

## 1-39 തനത് ഫണ്ടിലേയ്ക്ക് തുക മാറ്റിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ല

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-18 പ്രകാരം വി.ഇ.ഒ യുടെ അക്കൗണ്ടിൽ അവശേഷിച്ച 993300/- രൂപ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിലേയ്ക്ക് മാറ്റിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ തുക ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ തിരിച്ചടയ്ക്കുകയോ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 2022-23 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ പ്രസ്തുത തുക തൻവർഷവും സർക്കാർ ഹെഡിലേയ്ക്ക് തിരിച്ചടച്ചതായി കാണുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/13.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടി/നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-40 കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഡെപ്പോസിറ്റ് വർക്കുകൾക്കു വേണ്ടി പല വർഷങ്ങളിലായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്ന തുകകളിൽ തിരികെ ലഭിച്ചതും വിവിധ ഹെഡ്ഡുകളിലായി പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | തുക | ലഭിച്ച വർഷം | റിമാർക്സ് |
|---|---|---|---|---|
| 1 | 350400999-Refund Of Unutilised Grants - Prior Period | 460634 | 2021-22 | Saving Of Different Projects From Water Authority |
| 2 | 320100999-Other Liabilities | 106825 | 2017-18 | Refund Of TSP Fund For Pandalacode ST Colony Pipe Line Extension 2015-16 |
| 3 | 460500201-Advance To Implementing Agencies - Deposit With Kerala Water Authority | 24863 | 2022-23 | KWA-REFUND OF BALANCE AMT. OF DEPOSIT WORKS FOR (2018-2019) |
| 4 | 460500201-Advance To Implementing Agencies - Deposit With Kerala Water Authority | 757207 | 2022-23 | Balance Unutilised Portion Of Amount Deposited With KWA For Project No. 148/2021-22 Pipe Line Extension CFC Tied Fund Thru EGram Swaraj |
| | Total | 1349529 | | |

ഇപ്രകാരം വിവിധ ഫണ്ടുകളിൽ നിന്ന് അനുവദിച്ചിരുന്നതും തിരികെ ലഭിച്ച് വർഷങ്ങളായി തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നതുമായ മേൽ തുകകൾ ബന്ധപ്പെട്ട സർക്കാർ ഹെഡ്ഡിലേയ്ക്ക് ഒടുക്കുവരുത്താത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.48/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തിരികെ ലഭിച്ച തുകകൾ ഏത് ഫണ്ടിൽ നിന്നുള്ളതാണെന്ന് പരിശോധിക്കേണ്ടതും ആയത് എത്രയും വേഗം അതാത് ഹെഡ്ഡുകളിലേയ്ക്ക് തിരികെ അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-41 സ്വകാര്യ വ്യക്തിയുടെ പേരിലുള്ള വസ്തുവിൽ പഞ്ചായത്ത് വക കെട്ടിടം സ്ഥിതി ചെയ്യുന്നു

ലാൻറ് റീലിങ്ക്വിഷ്മെൻറ് ഫോറം പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിൽ അയിരൂപ്പാറ വാർഡിൽ മയിലാടുംമുകൾ 10-ാം നമ്പർ അംഗൻവാടിയ്ക്കായി ശ്രീമതി. ഓമനയമ്മ സി, വിനോദ് ഭവൻ, അയിരൂപ്പാറ, പോത്തൻകോട് പി ഒ എന്നവർ വർഷങ്ങൾക്ക് മുൻപ് 3 സെൻറ് വസ്തു വിട്ടു നൽകിയിട്ടുള്ളതായും പ്രസ്തുത സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം നടന്നു വരുന്നതായും എന്നാൽ പ്രസ്തുത സ്ഥലം റവന്യൂ വകുപ്പ് രേഖകളിൽ ഇപ്പോഴും ഓമനയമ്മയുടെ പേരിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാൽ പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേർക്ക് ആധാരം ചെയ്തു നൽകാൻ തയ്യാറാണെന്നുമുള്ള ശ്രീമതി ഓമനയമ്മയുടെ കത്ത് പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേർക്ക് ആധാരം ചെയ്യുന്നതിനും ആയതിന് ആവശ്യമായ ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി 04.08.22 ലെ കമ്മിറ്റി യോഗം ഇനം നം.1(5) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർനടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/11.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത അംഗൻവാടി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും എന്നാൽ വസ്തുവിന്റെ ഉടമസ്ഥാവകാശം മാറ്റുന്ന നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. മേൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വസ്തു പഞ്ചായത്തിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഒരു വർഷത്തിനു ശേഷവും പ്രസ്തുത വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്തത് ശരിയായ നടപടിയല്ല. സ്ഥലം പഞ്ചായത്തിന്റെ പേരിലേയ്ക്ക് മാറ്റുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-42 ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ്

സ.ഉ.(കൈ) നം. 84/2022/ തസ്വഭവ തീ. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖ.8.15 പ്രകാരം ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച് ' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ

സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/10.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി , അതിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ്.

## 1-43 തൊഴിൽദായക സംരംഭങ്ങൾ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1. സ.ഉ.(കൈ) നം. 84/2022/ തസ്വഭവ തീ. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖ.8.4 പ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ചെറുകിട-പരമ്പരാഗത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുകയും അവയിൽ മൂലധന നിക്ഷേപം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ നൈപുണ്യ പരിശീലനം നൽകുക, സാങ്കേതിക സഹായം നൽകുക, സംരംഭകത്വ വികസനത്തിന് പ്രോൽസാഹനം നൽകുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

2. സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തീ. 18.05.2022 പ്രകാരമുള്ള സബിസിഡി മാർഗ്ഗരേഖ ഖ.6.5.1 പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള ഒരു പദ്ധതി (LED PLAN) കൂടി 2022 -23 മുതൽ തയ്യാറാക്കേണ്ടതുണ്ട്. സംരംഭകത്വ വികസനവും നൈപുണ്യ വികസനവുമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ, തൊഴിൽദായക സംരംഭങ്ങൾ, നൈപുണ്യ വികസനം എന്നിവയ്ക്കാണ് പരിഗണന നൽകേണ്ടത്.

മേൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/10.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽദായക സംരംഭങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-44 വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തീ. 18.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.8.8 പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. പ്രസ്തുത മാർഗ്ഗരേഖ നിർദ്ദേശം നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/10.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 ഗ്രാമസഭ യോഗം - അവലോകനം

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു.

1. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ 2023 ജനുവരി മാസത്തിൽ ഗ്രാമസഭ കൂടിയതിനുശേഷം 2023ജൂലൈ മാസത്തിലാണ് ഗ്രാമസഭ വീണ്ടും ചേർന്നിട്ടുള്ളത്. ഉദാ-വാർഡ് 8 വെട്ടുപാറ.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3. ഗ്രാമസഭ കൂടിയ തീയതി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ- വാർഡ് 7 ചീരാണിക്കരയുടെ ഗ്രാമസഭ യോഗ

മിനിട്സിൽ പല യോഗങ്ങളും കൂടിയ തീയതി രേഖപ്പെടുത്തുകയോ മിനിട്സ് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണമെന്നുണ്ടെങ്കിലും ചില ഗ്രാമസഭകളിലെ മിനിട്സ് (ഉദാ-വാർഡ് 11,16,17) ഇപ്രകാരം രണ്ടു പേരും സാക്ഷ്യപ്പെടുത്തുന്നില്ല.

5. സ.ഉ.(കൈ)84/2022/തസ്വഭവ, തീ.18.04.22 പദ്ധതി മാർഗ്ഗരേഖ ഖ.3.2.3 ലെ ക്രമ നം. 3 പ്രകാരം മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ (ഫോറം 4 ൽ തയ്യാറാക്കിയത്), നടപ്പ് വാർഷിക പദ്ധതിയുടെ അവലോകനം (ഫോറം 5 ൽ തയ്യാറാക്കിയത്), വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ (ഫോറം 6 ൽ തയ്യാറാക്കിയത്), ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച അവസ്ഥാരേഖയുടെ രത്നചുരുക്കം എന്നിവ അച്ചടിച്ച് ഗ്രാമസഭ യോഗത്തിൽ വിതരണം ചെയ്യണം. എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന വിവരം ഗ്രാമസഭമിനിട്സിൽ നിന്നും ലഭ്യമല്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.49/19.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരം യോഗം കൂടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-46 NREGS കരാർ ജീവനക്കാരുടെ സേവനപുസ്തക പരിപാലനം ക്രമപ്രകാരമല്ല

25.02.2023 ലെ GO(P) No.20/2023/Fin ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം NREGS കരാർ ജീവനക്കാർക്ക് പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ 22201016/31.03.23, ചെക്ക് നമ്പർ 9040533/31.03.2023). വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | സറണ്ടർ ചെയ്ത ലീവുകളുടെ എണ്ണം | തുക (രൂപ) |
|---|---|---|---|---|
| 1 | വിഷ്ണു.ജെ.എസ് | അക്രഡിറ്റഡ് എൻജിനീയർ | 24 | 25168 |
| 2 | പ്രശാന്ത് കുമാർ .ആർ.എസ് | ഓവർസിയർ | 28 | 22437 |
| 3 | രഞ്ജിനി.എസ് | ഓവർസിയർ | 30 | 24040 |
| 4 | സരിത കുമാരി .വി.എസ് | അക്കൗണ്ടന്റ് കം ടെക്നിക്കൽ അസിസ്റ്റന്റ് | 30 | 24040 |
| 5 | വിനോദ്.ആർ.യു | അക്കൌണ്ടൻറ് കം ഐ. ടി അസിസ്റ്റൻറ് | 30 | 24040 |
| | | | **ആകെ** | **119725** |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.06.2014 ലെ ഇ2/2321/14 നമ്പർ സർക്കുലറിൽ കരാർ ജീവനക്കാർക്ക് ആർജിതാവധി, ആർജിതാവധി വില്പന എന്നീ ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ എല്ലാ കരാർ ജീവനക്കാർക്കും സേവന പുസ്തകം ആരംഭിച്ച് ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മേൽപ്പറഞ്ഞ കരാർ ജീവനക്കാരുടെ സേവന പുസ്തകം, പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.22/12.10.23 നൽകിയതിന് സേവനപുസ്തകങ്ങളിലെ രേഖപ്പെടുത്തലുകൾ ഇനി മേൽ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ബന്ധപ്പെട്ട അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചാണ് തൻവർഷത്തെ ആർജ്ജിതാവധി കണക്കാക്കിയിട്ടുള്ളതെന്ന് കാണുന്നു. കൂടാതെ ലഭ്യമാക്കിയ സേവനപുസ്തകങ്ങളിൽ ആർജ്ജിതാവധി സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ജീവനക്കാരുടെ ഫോട്ടോ മാത്രമാണ് പതിപ്പിച്ചിട്ടുള്ളത്. ജീവനക്കാരുടെ വ്യക്തിപരമായ വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല. എത്രയും വേഗം സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4–1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 80750 | കേദാരം സമഗ്ര നെൽകൃഷി വികസനം -കൊഞ്ചിറ പാടശേഖര സമിതി മുഖേന | 80750 | 0 |
| | | 0 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| | | 0 | 160000 | ലൈഫ് ഭവന പദ്ധതി - എസ്.സി | 160000 | 0 |
| | | 0 | 620000 | ലൈഫ് ഭവന പദ്ധതി - ജനറൽ | 620000 | 0 |
| | | 0 | 698250 | സ്നേഹസ്പർശം സ്കോളർഷിപ്പ് | 698250 | 0 |
| | | 0 | 371903 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 371903 | 0 |
| | | 806910 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 806910 |
| ആകെ | | 806910 | 2030903 | | 2030903 | 806910 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 42500 | കേദാരം സമഗ്ര നെൽകൃഷി വികസനം -കൊഞ്ചിറ പാടശേഖര സമിതി മുഖേന | 42500 | 0 |
| | | 0 | 691125 | സ്നേഹസ്പർശം സ്കോളർഷിപ്പ് | 691125 | 0 |
| | | 0 | 60000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 60000 | 0 |
| | | 415775 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 415775 |
| ആകെ | | 415775 | 793625 | | 793625 | 415775 |

| | | | | | | |
|---|---|---|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | 2022-23 | 0 | 6157000 | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ- കുറ്റിയാണി മുളങ്കാട് വാർഡ് | 6157000 | 0 |
| | | 2806830 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 2806830 |
| ആകെ | | 2806830 | 6157000 | | 6157000 | 2806830 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 806910 | 2030903 | 2837813 | 2030903 | 806910 | 0 | 806910 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 415775 | 872000 | 1287775 | 793625 | 494150 | 32368 | 461782 |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 2806830 | 6157000 | 8963830 | 6157000 | 2806830 | 0 | 2806830 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 303/23- പൈപ്പ്ലൈൻ എക്സ്റ്റൻഷൻ- കുറ്റിയാണി മുളങ്കാട് വാർഡ് | 6157000 | - | 6157000 |
| | ആകെ | 6157000 | | 6157000 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കി യിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 3527430 | 0 | 3527430 | 2135144 | 1392286 | 1392286 |

| | | | | | | |
|---|---|---|---|---|---|---|
| കേരള ഭൂജല വകുപ്പ് | 524500 | 0 | 524500 | 425508 | 98992 | 98992 |
| കേരള വാട്ടർ അതോറിറ്റി | 9721000 | 6157000 | 15878000 | 3145863 | 12732137 | 12732137 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | ബി - 5 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 65896000 | 900000 | 6342063 | 60453937 | 60453937 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയത് | തുക ഒടുക്കിയ രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 3-5 | 31911 | അസി.എഞ്ചിനിയർ, LSGD | 1220101231/10.6.22 |
| 2 | 2018-19 | 3-3 | 11421 | ഷറഫുദ്ദീൻ, എച്ച്.എം | 1220103982/07.12.22 |
| 3 | 2016-17 | 2-1 | 3827 | എം.അനിൽകുമാർ, കരാറുകാരൻ | 1220102544/19.09.22 |
| 4 | 2016-17 | 2-9(1) | 250 | സരോജദേവി, എ.ഇ, LSGD | 1220100392/29.04.22 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 40641498/- രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 84462159/- രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66311178/- രൂപ |
| നീക്കിയിരിപ്പ് | 58792479/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21183/- രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 1. | 1-30 | 21183 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ആവിസ് ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | ഹൗസ് നം.527-5, ദർശൻനഗർ, പേരൂർക്കട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 തീയതി 25.10.2022 | 4 (3-7, 3-1-1, 3-8-1, 3-8-2) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 തീയതി 25.10.2022 | 2 (3-2, 3-8 (എ), (ബി), (സി)) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 തീയതി 25.10.2022 | 1 (3-2-2) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 തീയതി 25.10.2022 | 8 (3-2, 3-3, 3-3-1, 3-3-2, 3-3-3, 3-4, 3-4-1, 3-8) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 തീയതി 25.10.2022 | 3 (3-4, 3-5-2, 3-6-1) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 | 3 |

| | | |
|---|---|---|
| | തീയതി 25.10.2022 | (3-5, 3-6, 3-7) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 തീയതി 25.10.2022 | 5<br>(3-4, 3-5, 3-8, 3-11, 3-13) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 തീയതി 25.10.2022 | 7<br>(3-1 (എ), 3-1 (ബി), 3-1 (സി),<br>3-2, 3-3, 3-6, 3-7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1923/2022 തീയതി 25.10.2022 | 4<br>(2-10, 3-10, 3-11, 3-14) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/190/19 തീയതി 10.04.2019 | 22 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/458/19 തീയതി 22.05.2020 | 37 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1738/21 തീയതി 08.02.2022 | 45 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/912/2022 തീയതി 30.06.2022 | 30 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1610/2022 തീയതി 11.01.2023 | 63 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 8(1) dated 11-07-2023 and submitted on 07-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vembayam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vembayam Grama Panchayat for the year 2022-2023

**Date: 01/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vembayam Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. Lapse in timely submission of Annual Financial Statement for audit (within four months of the close of the financial year).
2. Mandatory Statements are not submitted for Audit eg: The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.
3. Cash flow statement-Net increase/decrease in cashflow (Rs.18150981/-) doesnot match with the difference between the opening balance and closing balance of cash and cash equivalents (18195503/-).

4. Lapses in making timely and accurate demand entries in respect of tax revenue.
5. The valuation of stock and stores are not done at the end of the financial year. An amount of 140/- in respect of Purchase Of Material-Stores is only included in the B-14 Stock in hand (inventories) schedule.
6. Non disclosue of expenses due- Expenses due such as honorarium for members, fuel expenses due in the currect fincancial year are not included in balance sheet as provision of expense due (B-9).
7. Further actions are not taken to transfer the Stale cheque amount (expired after 3 years) to own fund. An amount of Rs.204120/- has been booked in the head of liability in respect of stale cheqes.
8. An amount of Rs.1043119/- is seen as balance in Nationalised Bank Account Of Own Revenue Fund as per RP-40(b) schedule. But the details of the same account is not submtted for audit.
9. All active Bank account details are not included in the Financial Statement.
eg: 1) Canara Bank SBM PFMS account
2) Kerala Gramin Bank UPI transaction account.
10. Lack of supporting documents for prior period income. An amount of 5030/- has been booked as prior period income as per I-19 Schedule of Income & Expenditure Statement. But details of the same is not recorded as descriptions.
11. Statement for arriving excess of income over expenditure not provided.
12. Collection in respect of Profession Tax - Professionals (Current) with no demand entry in the respective head. The amount of Rs.265370/- has been booked in profession tax trades head (1102001005).
13. Registers are not maintained and not submitted for audit. The amount recorded in balance sheet cannot be verified. eg: Deposit register
14. Advance register and loan register are not reliable for audit, as it is not completed and attested by competent authority.
15. Misclassification of receipt voucher. eg. An amount of 2500/- collected in respect of Profession Tax - Institutions and wrongly entered in the Profession Tax Traders head.
16. Lack of supporting documents for journal vouchers.
17. The amount given as part bill for capital work as per the statement given by Assistant Engineer is not included in Capital Work in Progress Schedule( B-11(b)).
18. The collection amount (700/-) in the register of Private Hospital and Paramedical registration register does not match with the amount (900/-) in the AFS.
19. The demand registers are not periodically reconciled with accounts.
20. DCB Statement of property tax does not match with the respective amounts in the AFS.
21. The amount received as audit recovery (Rs. 31911/-) is not remitted to concerned fund and included as liability in the Annual Financial Statement.
22. The amount in the head Advance to Mahatma Gandhi NREGA/AUEGS Administrative Expence in the balance sheet (Rs.136900/-) does not match with the respective amount (Rs.2501916/-) recorded in the statements submitted by NREGS section.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്